# മഷിപ്പച്ച

ഒരു വ്യാപാരകേരളം പ്രസിദ്ധീകരണം

പുസ്തകം 5 ലക്കം 7 പേജുകൾ 36 ഒക്ടോബർ 2024



- അഭിനയം അരങ്ങിൽ
- കാർട്ടൂൺ കേരളം
- കുട്ടികളുടെ മഷിപ്പച്ച
- കഥ
- കവിത
- സ്ത്രീ: നീതി നിഷേധത്തിന്റെ ഇര

മുഖച്ചിത്രം: കവിയൂർ പൊന്നമ്മ




THRISSUR: Round East. Ph: 0487-2331812
KERALA | TAMIL NADU | PUDUCHERRY | KARNATAKA | ANDHRA PRADESH | TELANGANA




ഓഫീസ്:
**മഷിപ്പച്ച മാസിക**
പി.ബി.റോഡ്,
എൽത്തുരുത്ത് പി.ഒ,
തൃശൂർ-680611, കേരളം.

website:
www.vyaparakeralam.com
www.varthakeralam.com
email:
mashippachamasika@gmail.com
vyaparakeralam@gmail.com
varthakeralamdaily @gmail.com
Phone: 094471 89032

എഡിറ്റർ:
**സി. ആർ. രാജൻ**
സ്പെഷൽ കറസ്പോണ്ടന്റ്:
**ഫ്രാങ്കോ ലൂയിസ്**
കറസ്പോണ്ടന്റ്:
**സി. ജി. അശോകൻ**
ടെക്നിക്കൽ ഡയറക്ടേഴ്സ്:
**ജെഫി മാത്യു ജോസ്**
**മിലു മേരി**
**റയൻ ജോസഫ്**

**ജീവിതരേഖ**

# അഭിനയം അരങ്ങിൽ മാത്രം

കുടുംബം പോറ്റാൻ നാടകാഭിനയം തുടർന്ന്, സിനിമയിലെത്തിയശേഷം പ്രേക്ഷകഹൃദയത്തിൽ അമ്മസ്ഥാനം ഉറപ്പിച്ച താരകമാണ് അന്തരിച്ച അഭിനേതാവ് കവിയൂർ പൊന്നമ്മ. പതിനാലാം വയസ്സിൽ അന്നത്തെ പ്രമുഖ നാടക കമ്പനിയായ പ്രതിഭ ആർട്സിന്റെ നാടകങ്ങളിൽ ഗായിക ആയാണ് കലാരംഗത്ത് വരുന്നത്. കെ പി എ സി യുടെ മൂലധനം എന്ന നാടകത്തിലൂടെ നടിയായി. സിനിമാ നിർമ്മാതാവായിരുന്ന മണിസ്വാമിയാണ് പൊന്നമ്മയുടെ ഭർത്താവ്. ഏക മകൾ ബിന്ദു.



സിനിമയിൽ എത്തുന്നതിന് മുൻപും സിനിമാ പ്രവേശനത്തിന് ശേഷവും ജീവിത യാഥാർത്ഥ്യങ്ങളുടെ കയ്പുനീരിൽ തളയ്ക്കപ്പെട്ടിരുന്നു പൊന്നമ്മ. ഏഴുമക്കളും അച്ഛനും അമ്മയും അടങ്ങിയ നിർധന കുടുംബത്തിന്റെ നിലനിൽപ്പായിരുന്നു പൊന്നമ്മയുടെ കൗമാരം നേരിട്ട പ്രധാന വെല്ലുവിളി. അങ്ങനെയാണ് ഒരു തൊഴിലായി നടകാഭിനയം സ്വീകരിക്കുന്നത്. നാടക വേദികളിലെ അഭിനയ മികവും പ്രശസ്തിയും അവർക്ക് സിനിമയിലേക്ക് വഴിയൊരുക്കി. 1962ൽ ഇറങ്ങിയ 'ശ്രീരാമ പട്ടാഭിഷേകം' ആണ് പൊന്നമ്മയുടെ ആദ്യ സിനിമ.

19 ആം വയസ്സിൽ കുടുംബിനി എന്ന ചിത്രത്തിൽ അമ്മ വേഷം കെട്ടിയ പൊന്നമ്മ പിന്നെ മലയാളത്തിന്റെ മാനസം കവർന്ന അമ്മയായി ചിര പ്രതിഷ്ഠ നേടി. സത്യൻ, പ്രേംനസീർ, മധു, മമ്മൂട്ടി, മോഹൻലാൽ എന്നിങ്ങനെ മലയാളത്തിലെ മുൻനിര നായകന്മാരുടെയെല്ലാം അമ്മയായി അഭിനയിച്ചു. 400 ലേറെ സിനിമകളിൽ അഭിനയിച്ചിട്ടുണ്ട്. ഒരു ഗായിക കൂടിയാണ് പൊന്നമ്മ. 'തീർത്ഥയാത്ര' എന്ന സിനിമയിലെ അംബികേ... ജഗദംബികേ... എന്ന ഭക്തിഗാനമാണ് പൊന്നമ്മയുടെ ആദ്യ സിനിമാ ഗാനം.

കവിയൂർ പൊന്നമ്മ ആദ്യമായി നായികയായ 'റോസി' എന്ന ചിത്രത്തിന്റെ നിർമ്മാതാവ് മണിസ്വാമിയെ വിവാഹം കഴിച്ചെങ്കിലും പിന്നീട് വേർപിരിഞ്ഞു. മകൾ ബിന്ദു ഭർത്താവിനൊപ്പം അമേരിക്കയിൽ സ്ഥിരതാമസം. വാർദ്ധക്യ സഹജമായ അസുഖങ്ങളെ തുടർന്ന് 2024 സെപ്റ്റംബർ 20ന് കൊച്ചിയിൽ അന്തരിച്ചു




## കാർട്ടൂൺ കേരളം



എം.ആർ. ബാലചന്ദ്രൻ

# അകത്താളുകളിൽ


## കഥ

ദർശന ................................ പേജ് 6
അജയ് നാരായണൻ............. പേജ് 21
അജിത ഗണപതി.................പേജ് 22

## ലേഖനം

ഫിദ ഫാത്തിമ .................... പേജ് 25

## പുസ്തകപരിചയം

രംന വികാസ് .....................പേജ് 36


## കാർട്ടൂൺ

എം.ആർ.ബാലചന്ദ്രൻ ........... പേജ് 4


## കുട്ടികളുടെ മഷിപ്പച്ച ...പേജ് 31

## കവിത

സുഭാഷ് പോണോളി .............. പേജ് 9
ഡോ. സുഭാഷിണി മഹാദേവൻ പേജ് 10
ഷഫീന സൈത്തൂൻ............. പേജ് 11
ശ്രീദേവി കടവല്ലൂർ ............... പേജ് 12
നിത്യലക്ഷ്മി....................... പേജ് 13
ജബീറ ബീഗം ..................... പേജ് 14
നിബിൻ കള്ളിക്കാട്............. പേജ് 15
സതീഷ് കളത്തിൽ............... പേജ് 16
ബഷീർ മുളിവയൽ .............. പേജ് 17
സുനിൽരാജ് സത്യ ............... പേജ് 18
ഷബ്ന അബൂബക്കർ .......... പേജ് 19
ഫാത്തിമ സഊദ................ പേജ് 20





ദർശന

# കടൽപച്ച നിറമുള്ള വീട്

'അതൊരു കടൽപച്ച നിറമുള്ള വീടായിരുന്നു.

മതിലരികിൽ പല നിറങ്ങളിലുള്ള അരളിച്ചെടികൾ പൂത്തുനിന്നിരുന്നു. സത്യത്തിൽ ആ വീട്ടിൽ താമസിക്കാനെത്തുമ്പോൾ ഉണങ്ങി വരണ്ട ശൂന്യമായ ഒരു മുറ്റമായിരുന്നു. പിന്നീടാണ് ചെടികൾ നട്ടുപിടിപ്പിച്ച് അവിടം മനോഹരമാക്കിയത് . നാടിന്റെ ഓർമ്മയ്ക്ക് ഒരു പവിഴമല്ലിയും അതിനൊപ്പം ചേർത്തുവച്ചു. '

നന്ദിനി മടിയിൽ കിടക്കുന്ന അൽക്കയുടെ മുടിയിഴകളിൽ തലോടിക്കൊണ്ട് പറഞ്ഞു. അല്പം അകലത്തായി ഫോണിൽ സ്ക്രോൾ ചെയ്തുകൊണ്ടിരുന്ന ധ്രുവ് എണീറ്റ് വന്നു അൽക്കയെ തള്ളി മാറ്റി നന്ദിനിയുടെ മടിയിൽ തലവെച്ചു കിടന്നു. അൽക്കയാകട്ടെ വാശിയോടെ ചാടിയെണീറ്റ് അവനെ ഇടിക്കാനും തുടങ്ങി. എന്നാൽ അവൻ അതൊന്നും ശ്രദ്ധിക്കാതെ അമ്മയുടെ മുഖത്തേക്ക് നോക്കി.

' നല്ല വീടായിരുന്നു അല്ലേ അമ്മേ , എനിക്കിപ്പോഴും ഓർമയുണ്ട്. എന്ത് രസമായിരുന്നു ആ വീട്ടിൽ നമ്മൾ താമസിച്ചിരുന്നപ്പോൾ.'

അവൾ പ്രതികരിക്കാൻ മറന്ന് ഓർമ്മകളിലേക്ക് ഇറങ്ങിപ്പോയിരുന്നു. ഓർക്കുമ്പോഴൊക്കെ ഉള്ളിൽ നീറ്റലാണ്. നട്ടുവളർത്തിയ മരങ്ങൾ മൂന്നോ നാലോ വർഷങ്ങൾകൊണ്ട് വീടിനു ചുറ്റും പച്ചപ്പായി നിറഞ്ഞു. നിറയെ പൂച്ചെടികൾ. ഏതോ നഴ്സറിയിൽ നിന്നും വാങ്ങിയ ബഡ് ചെയ്ത ചെമ്പകത്തെ എത്ര വേഗമാണ് വളർന്നതും പൂക്കൾ നിറഞ്ഞതും . കാറ്റിൽ എപ്പോഴും ചെമ്പകപ്പൂമണം വീശിയടിച്ചിരുന്നു. ധ്രുവന് രണ്ടു വയസ്സുള്ളപ്പോഴാണത് നട്ടത് .

ധ്രുവ് കൈകുഞ്ഞായിരിക്കുമ്പോഴാണ് ആ വീട്ടിൽ താമസം തുടങ്ങിയത്. ജീവന് ആ നാട്ടിലേക്ക് സ്ഥലംമാറ്റം കിട്ടിയപ്പോൾ കൂടെ കൊണ്ടുപോയത് നാട്ടിൽ ആരുമില്ലാത്തതുകൊണ്ട് മാത്രമാണ്. വല്ലപ്പോഴും ആഭ്യന്തര കലാപങ്ങൾ ഉണ്ടാകുന്ന ഇടമായിരുന്നു . എന്നിട്ടും കൂടെ കൂട്ടി. അങ്ങനെ കലാപം നടക്കാത്ത ഏത് ഇടമാണ് ഈ ഭൂമിയിലുള്ളതെന്ന ജീവന്റെ മറുവാദം. പക്ഷേ താമസം തുടങ്ങിയതിന് ശേഷം ഒരു കലാപമോ ബഹളമോ ഉള്ള നാടായി തോന്നിയില്ല. ജീവന് എപ്പോഴും തിരക്കായിരുന്നു. ഔദ്യോഗികമായ കൃത്യ നിർവഹണങ്ങളുടെ തിരക്ക്. ഒറ്റയ്ക്കിരിക്കുന്നതിന്റെ മുഷിച്ചിൽ മാറ്റാനാണ് വരണ്ടു കിടന്ന മുറ്റം ചെടികൾ കൊണ്ട് നിറയ്ക്കാൻ തുടങ്ങിയത്. ഏറെക്കാലമായി ഒന്നും നട്ട് വളർത്താത്തതു കൊണ്ടായിരിക്കാം വളരെ പെട്ടെന്ന് തന്നെ അവ വേരുപിടിച്ച് പൊന്തിയത്.

എപ്പോഴും കിളികളുടെ ബഹളങ്ങളാൽ ജീവസ്സുറ്റ പ്രകൃതിയുടെ സാന്നിധ്യം അവിടെയുണ്ടായിരുന്നു. മറുനാട്ടിൽ നിന്നും വന്ന് താമസിക്കുന്നവർ എന്ന വേർതിരിവ്

അവിടുത്തെ ആളുകൾ കാണിച്ചിരുന്നുമില്ല.

എങ്കിലും ആ ദിവസങ്ങൾ. അവളുടെ ശരീരം വിറയാർന്നു . കണ്ണുകൾ പാതിയടച്ച് എന്തൊക്കെയോ പുലമ്പിക്കൊണ്ടിരുന്നു. ആ വീടിനെ പറ്റിയുള്ള സംസാരം വരുമ്പോഴൊക്കെ അവൾ അങ്ങനെയാണ് . ഒരുതരം ഉന്മാദാവസ്ഥയിലേക്ക് പതിയെ വഴുതിവീഴും. അതുകൊണ്ട് അത്തരം സന്ദർഭങ്ങൾ പലപ്പോഴും ഒഴിവാക്കാൻ ശ്രമിക്കുകയാണ് എല്ലാവരും ചെയ്യാറുള്ളത്. എന്നാൽ ഇന്ന് അവൾ തന്നെയാണ് അതിന് തുടക്കം കു

റിച്ചത്.

'അമ്മേ ,അമ്മേ, ..'

ധ്രുവ് അവളെ കുലുക്കി വിളിച്ചു. ആ വിളിയൊച്ചയിൽ അവൾ വർത്തമാനകാലത്തേക്ക് തിരികെ വന്നെങ്കിലും

'എന്റെ കുഞ്ഞ്, എന്റെ കുഞ്ഞ് ' എന്ന് മന്ത്രിച്ചുകൊണ്ടേയിരുന്നു. .

മേശക്കരികിലിരുന്ന് എഴുതുകയായിരുന്ന ജീവൻ എഴുത്തുനിർത്തി അവളെ ഉറ്റുനോക്കി.

'നീയാണ് ഇതിനൊക്കെ കാരണം . '

ധ്രുവ് ദേഷ്യത്തോടെ അൽകയെ നോക്കി. നീണ്ട പത്തുവയസിന്റെ ഇളപ്പം അൽക്ക ഒരിക്കലും വകവച്ചുകൊടുത്തിരുന്നില്ല.

'ഞാനെന്തു ചെയ്തെന്നാ. '

'നീയല്ലേ പെയിന്റിംഗിന്റെ കാര്യം പറഞ്ഞു തുടങ്ങിയത്. എന്തിനാ ആ കടൽപച്ച നിറം തെരഞ്ഞെടുത്തത്. അതൊണ്ടല്ലെ അമ്മയിപ്പോ ഇങ്ങനെ.'

'ആഹാ , അപ്പോൾ അതാ കാര്യം.

പിന്നെന്തിനാ എന്നോട് ഇഷ്ടൊള്ള നിറം തിരയാൻ പറഞ്ഞെ ? ' അവൾ കയ്യിലിരുന്ന ബ്രോഷറുകൾ വലിച്ചെറിഞ്ഞു.

'അല്ലെങ്കിലും എന്നോടാർക്കും ഇഷ്ടല്യ. എല്ലാർക്കും ആ മരിച്ചുപോയ കുഞ്ഞിനോടാ ഇഷ്ടം. '

'അൽക്കാ.'

ജീവന്റെ സ്വരം ഉയർന്നു.

'എന്തായിത്. ഈയിടെയായി നിങ്ങൾ തമ്മിൽ വഴക്ക് കൂടുന്നത് പതിവായിരിക്കുന്നു.



ആ ബ്രോഷർ ഇങ്ങെടുക്ക്.'

അൽക്ക കെറുവിച്ച മുഖത്തോടെ ബ്രോഷറുകൾ പെറുക്കിയെടുത്ത് മേശപ്പുറത്തേക്കിട്ടു . പഠനമുറിയിൽ കയറി ശക്തിയിൽ വാതിൽ വലിച്ചടച്ചു. ഇപ്പോഴത്തെ കുട്ടികളുടെ ഒരു കാര്യം. എത്ര പെട്ടെന്നാണ് ദേഷ്യം ഇങ്ങനെ കൂടുകൂട്ടുന്നത്. ജീവൻ ഓർത്തു.

'എന്താണ് നന്ദു പതിവില്ലാതെ നീയിങ്ങനെ.'

അവൻ എണീറ്റ് ചെന്ന് അവളുടെയരികിൽ ഇരുന്നു.

'ധ്രുവ് , നിങ്ങൾ അങ്ങനെ വഴക്ക് കൂടിയാൽ ശരിയാകില്ല. നീയല്ലെ മുതിർന്നവൻ. എന്തിനാണ് എപ്പോഴും ഇങ്ങനെ അവളെ ദേഷ്യം പിടിപ്പിക്കുന്നത്?'

'ഞാനോ ഞാനെന്ത് ചെയ്തു? അല്ലെങ്കിൽ തന്നെ ഈയിടെയായി അവൾക്കിത്തിരി ദേഷ്യം കൂടുതലാണ്. ദേഷ്യം മാറുമ്പോൾ അവൾ വന്നുകൊള്ളും. '

അവൻ സ്റ്റെപ്പുകൾ ചാടിക്കയറി മുകളിലേക്ക് പോയി. അത്താഴത്തിന് തൊട്ടുമുമ്പായിരുന്നു ഈ കോലാഹലങ്ങളെല്ലാം. ജീവന് നന്നായി വിശക്കുന്നുണ്ടായിരുന്നു.നന്ദിനിയാണെങ്കിൽ സെറ്റിയിൽ തന്നെ ചുരുണ്ടുകൂടിയിരിക്കുന്നു. ജീവൻ അടുത്ത് വന്നിരുന്നപ്പോൾ അവൾ അവന്റെ തോളിലേക്ക് തല ചായ്ച്ചു. അവൻ ഒന്നും മിണ്ടാതെ അവളുടെ മുടിയിഴകളിൽ തലോടി.

ആ ദിവസങ്ങളുടെ തീഷ്ണത അവന് നന്നായി അറിയാം. വിഷാദത്തിലേക്ക് കൂപ്പു കുത്തിയ അവളെ എത്ര കഷ്ടപ്പെട്ടാണ് ജീവിതത്തിലേക്ക് തിരികെ എത്തിച്ചതെന്നും. ഔദ്യോഗിക ആവശ്യത്തിന് കാൺപൂരിലേക്ക് പോകേണ്ടി വന്ന സമയത്താണ് പൊടുന്നനെ അവിടെ കലാപം പൊട്ടിപ്പുറപ്പെട്ടത്. നന്ദിനിയും മകനും വീട്ടിൽ തനിച്ചായിരുന്നു. . ധ്രുവിന് അന്ന് ആറ് വയസ്സ്. പുതിയ ഒരഥിതി വരാൻ പോകുന്ന സന്തോഷമുണ്ടെങ്കിലും പിരിഞ്ഞിരിക്കേണ്ടതിന്റെ സങ്കടത്തിലാണ് നന്ദിനി യാത്രയാക്കിയത്. പലപ്പോഴും ഔദ്യോഗിക ആവശ്യത്തിന് മറ്റ് സംസ്ഥാനങ്ങളിലേക്ക് പോകേണ്ടി വരാറുണ്ട്. എന്നാൽ നിസ്സാരമായ ഒരു പ്രകോപനത്തിൽ നിന്ന് തുടക്കം കുറിച്ച കലാപം പടർന്നു പിടിച്ചപ്പോൾ തിരികെ നന്ദിനിയുടെയും കുഞ്ഞിന്റെയും അടുത്തെത്താൻ പാടുപെടേണ്ടി വന്നു. തിരിച്ചുള്ള യാത്രയ്ക്കിടയിൽ അൽപ്പം അകലെയുള്ള വീടിന് കലാപകാരികൾ തീയിട്ടത് നന്ദിനി ഫോൺ ചെയ്ത് പറഞ്ഞപ്പോൾ ഞെട്ടിപ്പോയി.

'അച്ഛാ വേഗം വരൂ ' എന്ന് മകന്റെ കരച്ചിൽ കരളിൽ കൊളുത്തി വലിച്ചു. 'വാതിലിൽ ആരോ മുട്ടുന്നു ' കരഞ്ഞു വിളിച്ച് നന്ദിനി. ഹൃദയം നിശ്ചലമായ നിമിഷങ്ങൾ. അന്നേരമാണ് അവളുടെ ഫോൺ സ്വിച്ച് ഓഫ് ആയത്. വാഹനത്തിന് വേഗത പോരെന്ന് ഡ്രൈവറെ ശപിച്ച നിമിഷങ്ങൾ.

കലാപബാധിത പ്രദേശത്തേക്ക് പോ

കാൻ ആദ്യം അയാൾ സമ്മതിച്ചിരുന്നില്ല. പിന്നീട് ഒരുപാട് വാഗ്ദാനങ്ങൾ നൽകിയപ്പോഴാണ് അയാൾ വണ്ടിയെടുക്കാൻ തയ്യാറായത് തന്നെ.

വീട്ടിലെത്തിയപ്പോൾ തുറന്നു കിടന്ന വാതിലും മുറികളിലെ ചോരയും കണ്ട് ഞെട്ടിപ്പോയി. നന്ദിനിയെയും കുഞ്ഞിനെയും എവിടെയും കണ്ടതുമില്ല.

എവിടെയാണ് തിരയുക. തളർന്നിരുന്നുപോയ നിമിഷങ്ങൾ. വണ്ടിക്കാരനാണെങ്കിൽ തിരക്കുകൂട്ടിക്കൊണ്ടിരിക്കുന്നു. അന്നേരത്താണ് റിതയുടെ കോൾ വന്നത്. അവൾ ഏറെ നേരമായി ട്രൈ ചെയ്യുകയായിരുന്നത്രേ. നന്ദിനിയും കുഞ്ഞും ഹോസ്പിറ്റലിൽ ഉണ്ടെന്നും അപകടമൊ ന്നും ഇല്ലെന്നും പറഞ്ഞപ്പോൾ സമാധാനമായി. നേരെ ഹോസ്പിറ്റലിലേക്ക്.

യഥാർത്ഥത്തിൽ വന്നത് കലാപകാരികൾ ആയിരുന്നില്ല. റെസ്ക്യൂ ടീം ആയിരുന്നു. നന്ദിനി അപ്പോഴേക്കും ബോധമറ്റ് വീണിരുന്നു. ഉള്ളിൽ നിന്നും കുഞ്ഞിന്റെ കരച്ചിൽ കേട്ടതുകൊണ്ടാകാം ആരുമില്ല എന്ന് കരുതി അവർ തിരിച്ചു പോകാതിരുന്നത് . വാതിൽ പൊളിച്ചാണ് അകത്ത് കയറിയത്. നന്ദിനി അപ്പോൾ ചോരയിൽ കുളിച്ച് കിടക്കുകയായിരുന്നു ധ്രുവ് അവളെ കെട്ടിപ്പിടിച്ച് കരയുകയായിരുന്നു. അവർ അവളെ ഹോസ്പിറ്റലിൽ എത്തിച്ചു. സമയത്തിന് എത്തിച്ചത് കൊണ്ട് കുഞ്ഞു നഷ്ടപ്പെട്ടെങ്കിലും അവളുടെ ജീവൻ രക്ഷിക്കാൻ കഴിഞ്ഞു.

കലാപം കെട്ടടങ്ങിയെങ്കിലും ആ വീട്ടിലേക്ക് പോകാൻ അവൾ സമ്മതിച്ചില്ല. തൽക്കാലം അവളെയും കുഞ്ഞിനെയും റിതയുടെ കൂടെ താമസിപ്പിച്ചു.

പിന്നീടാണ് ഈ വീട്ടിലേക്ക് താമസിക്കാനായി എത്തിയത്. കുറച്ചു ദിവസങ്ങൾ പ്രശ്നങ്ങൾ ഒന്നും ഇല്ലാതെ കടന്നുപോയി. എന്നാൽ ധ്രുവ് സ്കൂളിൽ പോകാൻ തുടങ്ങിയപ്പോഴാണ് വീണ്ടും പ്രശ്നങ്ങൾ തലപൊക്കിയത്. അവൾ അവനെ സ്കൂളിൽ വിടാൻ സമ്മതിച്ചില്ല.

'നമുക്ക് നാട്ടിലേക്ക് തിരിച്ചു പോകാം ജീവൻ' ന്ന്

ഇടയ്ക്കിടെ പറഞ്ഞുകൊണ്ടേയിരുന്നു.

അവൻ സ്കൂളിൽ പോകുന്ന ദിവസങ്ങളിലൊക്കെ അവൾ ആധിയെടുത്ത് കരഞ്ഞുകൊണ്ടിരുന്നു. പിന്നെ പതിയെ വിഷാദത്തിലേക്ക് വഴുതി വീഴുകയായിരുന്നു. നീണ്ട കൗൺസിലിങ്ങുകൾ, മരുന്നുകൾ. അവളെ പതിയെ ജീവിതത്തിലേക്ക് മടക്കി കൊണ്ടുവന്നു. എന്നാൽ ഇപ്പോൾ ആ വീടിനെ സംബന്ധിച്ച് എന്തെങ്കിലും ഒരു കാര്യം ഓർമ്മയിൽ എത്തിയാൽ ഉടൻ തന്നെ അവൾ പഴയ അവസ്ഥയിലേക്ക് കൂപ്പുകുത്തിയിരുന്നു. ഡോക്ടർ പറഞ്ഞത് ഒരുതരം ഫോബിയ അവളിൽ വളർന്നിട്ടുണ്ട് എന്നാണ്. അന്നത്തെ ആ ദിവസങ്ങൾ അങ്ങനെയായിരുന്നല്ലോ.

ജീവന്റെ കൈകളുടെ സുരക്ഷിതത്വത്തിനുള്ളിൽ അവൾ മയങ്ങിപ്പോയിരുന്നു. അതുകൊണ്ടുതന്നെ വിശക്കുന്നുണ്ടായിരുന്നെങ്കിലും അവളെ ഉണർത്താൻ അവൻ ശ്രമിച്ചതുമില്ല. എത്ര നേരമാണ് അങ്ങനെയിരുന്നത് എന്ന് അവർക്കറിയില്ല. അവനും മയങ്ങിപ്പോയി. ധ്രുവ് വന്ന് തട്ടി വിളിച്ചപ്പോഴാണ് ഉണർന്നത്. അൽക്ക ഊണുമേശയ്ക്കരികിൽ ഇരിക്കുന്നുണ്ടായിരുന്നു അവരുടെ പിണക്കം മാഞ്ഞു പോയിരുന്നു. മേശപ്പുറത്ത് ഭക്ഷണം വിളമ്പി വച്ചിരുന്നു. ജീവൻ പതിയെ നന്ദിനിയെ തട്ടിയുണർത്തി. വേണ്ടെന്നു പറഞ്ഞെങ്കിലും മക്കൾ രണ്ടുപേരും അമ്മയെ നിർബന്ധിച്ച് ഭക്ഷണം കഴിപ്പിച്ചു.

'അമ്മേ ഞാനിന്നിവിടെ കിടന്നോട്ടെ. '

നന്ദിനിക്കരികിൽ ചുരുണ്ട് കിടന്നുകൊണ്ട് അൽക്ക ചോദിച്ചു.

'ഞാനും . ' ധ്രുവ് പറഞ്ഞു.


അപ്പോൾ ഞാനോ. ജീവൻ ചോദിച്ചു.

'നിങ്ങൾ അപ്പുറത്തെങ്ങാനും പോയി കിടന്നോളൂ. '

മക്കൾക്ക് നടുവിൽ കിടന്നുകൊണ്ട് അവൾ പതിയെ കണ്ണുകളടച്ചു. ജീവൻ ഇടമില്ലാത്തവനായി. എങ്കിലും നിറഞ്ഞ ഹൃദയത്തോടെ ആ കാഴ്ച

നോക്കിനിന്നു. പിന്നെ താൻ എഴുതിക്കൊണ്ടിരുന്ന റിപ്പോർട്ട് പൂർത്തിയാക്കാനായി താഴേക്ക് പോയി. തുറന്ന ജാലകത്തിലൂടെ പാതിരാമുല്ലപ്പൂക്കളുടെ സുഗന്ധം മുറിയിൽ നിറഞ്ഞിരുന്നു. ചെടികൾക്കിടയിൽ ഉറക്കം വരാത്ത ഏതോ പക്ഷികളുടെ കലമ്പൽ. തണുത്തകാറ്റ് ജീവനെ പൊതിഞ്ഞു. എന്നിട്ടും എന്തോ ഒരസ്വസ്ഥത അയാളിൽ നിറഞ്ഞു. ഒരു സിഗററ്റെടുത്ത് കത്തിച്ചു പുകയൂതി വിട്ടുകൊണ്ട് അയാൾ ജാലകത്തിനരികിലേക്ക് നീങ്ങി. പൊടുന്നനെ നിശബ്ദമായി ചീറി വന്ന ഒരു വെടിയുണ്ട അയാളുടെ ഹൃദയം തുളച്ചു. ഒന്നൊച്ചവെയ്ക്കാൻ പോലുമാകാതെ അയാൾ മറിഞ്ഞുവീണു. ചിതറിത്തെറിച്ച ചോരത്തുള്ളികൾ പൂർത്തിയാകാത്ത റിപ്പോർട്ടിന്മേൽ നിശബ്ദ ചിത്രങ്ങളെഴുതി . മുകളിലപ്പോഴും അമ്മയുടെയും മക്കളുടെയും കളിചിരികൾ നിലച്ചിരുന്നില്ല. ബ്രോഷറുകളിലേക്ക് ചിതറിയ ചോരത്തുള്ളികളന്നേരം കടൽപച്ച നിറത്തെ പൂർണ്ണമായും മായ്ച്ചുകളഞ്ഞിരുന്നു. ●

# ഋതുപരാഗം



സുഭാഷ് പോണോളി

ഈ കൂടി നിൽക്കുന്ന
മരങ്ങളിൽ ചിലത്
പെൺപൂവുകൾ മാത്രം വിടരുന്നവയാണ്.

പുരുഷ പരാഗരേണുക്കളെ
ഇതുവരെ അറിയാത്ത പുഷ്പിണികൾ.

കാടകങ്ങളിലെ
നീർവീഴ്ചകളിൽ,
പച്ചപ്പിന്റെ കടലാഴങ്ങളിൽ, വേരുപടർത്തി
നിർന്നിമേഷാകാശങ്ങളിലേക്ക്
പടരുന്ന മോഹവല്ലികൾ.

മരത്തലപ്പുകളിൽ
സൂര്യാക്ഷരങ്ങളെ കവിതകളാക്കുന്ന
ഇലകളുമുണ്ട്.

സ്വപ്നത്താലങ്ങളിൽ ഏകാകികളുടെ
നിശ്വാസം തൊട്ട്
ചേതനയുടെ വിത്തുകളെ
സ്വയം ഗർഭം ധരിക്കുന്ന പൂവുകൾ.

മേലെമേലെ മേഘങ്ങളുടെ പന്തയക്കുതിരകൾ
പാഞ്ഞുപോകുന്ന രഥവീഥികളിൽ
രാജകുമാരിമാർ
അർദ്ധ നഗ്നരായി
ഈറനുടുത്തു നിൽക്കുന്ന
മോഹമേടകൾ കാണുന്നില്ലേ ?

പുലരിവിശുദ്ധിയുടെ ചേതോഹരനിമിഷങ്ങൾ
മൊട്ടിടുന്നത് ഈ മരച്ചില്ലകളിലാണ്.

ഉമ്മകൾ പൂക്കുന്ന രതിതാഴ്‌വാരങ്ങളിലെ
ഉല്ലാസച്ചിറകുകളിൽ
ചുറ്റിപ്പടരുന്ന കേശങ്ങളിവരുടേതാണ്.

വിശുദ്ധപ്രണയത്തിന്റെ
വിരലുകളാൽ
പൂവുകളടർത്താൻ
മോഹിക്കുന്നു
രണ്ടു വിടർന്ന കണ്ണുകൾ.....



# ഓർമ്മകളുടെ ചാലുകുത്ത്

ഡോ: സുഭാഷിണി
മഹാദേവൻ

ഏറെ വളക്കൂറുള്ള മേൽമണ്ണിൽ
പതിയെപ്പതിയെ പൂക്കൂടപോലെ
അവൾ ജീവിതം ഇറക്കിവച്ചു.

മഴവില്ലുകൾ ചുറ്റും പരതിനടന്നു.
അതിരു വരക്കാത്ത
സ്വപ്നങ്ങളുടെ നിറച്ചാർത്തിലും
കാൽതെറ്റി നിഴലുകൾ വീഴുന്നുണ്ട്.

ചക്രവാളക്കാഴ്ചകൾ
കണ്ണുകൾക്ക് വിരുന്നൊരുക്കി.
അനുഭവങ്ങളെ കടഞ്ഞപ്പോൾ
മണ്ണാഴങ്ങളിൽ പശിമക്കുറവ്.
’

കൊടുംപാറകളുടെ
ചീളുകൾ വിശ്വാസങ്ങളുടെ
നടപ്പാതയിൽ ദുർഘട യാത്രകളായി.
ചുഴിയിൽ ചൂണ്ടുവിരലറ്റു പോയി.

ആർദ്രതയുടെ കണം
പൊട്ടിച്ചിതറാത്ത
അകപ്പൊരുളില്ലാത്ത
നരച്ചമരുഭൂമി
ദാഹനീരിനു നാവുനീട്ടി.

ആയുസ്സിന്റെ തുടിപ്പുകൾ
കൊളുത്തുകളായി
ബന്ധങ്ങളെ തളച്ചിട്ടു
സമാധാനത്തിന്റെ
വെള്ളപ്പറവകൾ
ചിറകടിച്ചുയർന്നു

വിപ്ലവത്തിന്റെ
തീപ്പന്തവുമായി
വെളിച്ചം വിതറിയ
വെള്ളിത്തിരയിൽ

തെളിഞ്ഞു മിന്നുന്ന
സ്മൃതി കോശങ്ങളെ
ഇന്ന് വിഷാദത്തിന്റെ
ചാരംമൂടി .

ഓർമ്മകളുടെ
ഗന്ധത്തിന്
അമ്ലതകൂടിക്കൂടി
ഉയിർത്തെഴുന്നേൽ -
ക്കാനാവാതെ
സിരകൾ
കോച്ചി വലിക്കുന്നു..

തടവറകൾ
തള്ളിനീക്കാൻപറ്റാത്ത
വിധത്തിലുള്ള
ഇരുമ്പുപാരകൾകൊണ്ട്
പൂട്ടിയിരിക്കുന്നു.

കാലത്തിന്റെ
സഞ്ചാരത്തിനൊടുവിൽ
സിദ്ധാർത്ഥനും ശ്രീരാമനും ആത്മസു
ഹൃത്തുക്കളാകുന്നു .

സീതയും പാഞ്ചാലിയും
കൂട്ടുകാരികളാവുന്നു.

ഭൂമീദേവിയും ശ്രീകൃഷ്ണനും
പുതിയ വസന്തത്തിനു
പാഞ്ചജന്യം മുഴക്കുന്നു.

മണ്ണു വീണ്ടും പുഷ്പിണിയാവുന്നു
ഋതുക്കൾ തുടിപ്പുകളാവുന്നു.
വിതക്കാതെ കൊയ്തെടുക്കാൻ
കതിരുകൾ പഴുത്തു കിടക്കുന്നു.



# പെണ്ണൊരുത്തി

കുളക്കടവില്
കണ്ണ് ചിമ്മി
കുറിമാനംതൊട്ടവൾ
കുളിര് കോരി!

തെളിമാനവെള്ള
വാരിത്തിന്ന്
ഉച്ചച്ചൂടുണ്ണാൻ തിടുക്കപ്പെട്ടു!

അടുക്കള വേവ് കാഞ്ഞവള്
എരിവെല്ലാം ഉടലില്
വാരിത്തേച്ച്!

കണ്ണിലെ
ഉപ്പ് പരല് വാറ്റി
അരിക്കലമാകെ
നിറച്ച് വെച്ച്!

വേനൽക്കിനാവ്
ചിക്കി ചിക്കി
പാകത്തിനെല്ലാം തൊട്ട് നക്കി!

വെന്ത്
പതം വന്ന പെണ്ണവളോ
അടുക്കള വാതില്
വലിച്ചടച്ച്!

മൂവന്തിച്ചോപ്പില്
കുങ്കുമംതൊട്ട്
കാതോരം കമ്മല്
തോരണമിട്ട്
കാലോളം കാട്ടാറിൻ
കിങ്ങിണി കെട്ടി
പൂഞ്ചോല പോലൊരു പെണ്ണ്!

മാറുതണുപ്പിച്ച്
മഞ്ഞുവാരി
അമ്പരകൊമ്പത്ത്
കുടില് കെട്ടി!



ഷഫീന സൈത്തൂൻ


രാവ്
കറുത്തതും
വെള്ളപ്പെണ്ണ് -
കണ്ട് കരിമാനം
ചിരിതൂകണ്!

കലവും തുടച്ച്
വീട് കഴുകി
കണവനെ കാത്തവൾ
കണ്ണുഴിഞ്ഞ്!

ഇരവിന്റെ വരമ്പത്ത്
മുടിവിത്ത് പാറ്റി
തുടിമാനം കണ്ട്
പെണ്ണൊരുങ്ങി!



# ഹൃദയശാരിക



ശ്രീദേവി കടവല്ലൂർ

ഭാരതവർഷഹൃദന്തത്തിൽ നിന്നൊരു
മോഹനസൂനം വിടർന്നു.
വലാഹപക്ഷികൾ ചേക്കേറും ദേവദാരു
വനങ്ങളിലെങ്ങോ,
ഒരു വിരഹഗായകന്റെ
മൃദുമധുരഗീതകം അലയടിച്ചു.
കദംബവനങ്ങളിൽ സൗഗന്ധികപ്പൂക്കൾ
തേടിപ്പോയതും
കാദംബരീമണിമണ്ഡപങ്ങളിൽ മലർമാല
കൊരുത്തതും
ആര്യസാമ്രാജ്യകൊട്ടാരക്കെട്ടുകളിൽ
മാണിക്യവിരനിലാൽ
സ്വപ്നവല്ലകിയിൽ സപ്തസ്വരങ്ങൾ പൊഴിച്ചതും,
ആയിരം കാമോദപുഷ്പങ്ങൾ തേടിയലഞ്ഞതും,
സപ്ത വർണ്ണച്ചിറകുള്ള
പ്രജ്ഞയാം ഹൃദയശാരിക.
മലർവാകകൾ പൂക്കുന്ന നദീമുഖങ്ങളിൽ
ഓടത്തിലലയുമ്പോൾ
വെണ്ണിലാവ് പൊഴിച്ചതും,
മാരിവില്ലിൻ വർണ്ണത്തേരിൽ അരയന്നപ്പിടകൾ
നിരയായ് തീരത്തണഞ്ഞതും, ഒരു
പ്രണയമഹാകാവ്യം രചിക്കുവാൻ ആരണ്യകം തന്നിൽ
മാമുനിയായലഞ്ഞതും, സപ്തസിന്ധുക്കൾതൻ
തീരത്ത് ശാന്തിഗീതം മുഴങ്ങും മുനിവാടങ്ങളിൽ
ഒരുവെൺപിറവായ് പറന്നിറങ്ങിയ പ്രിയ ശാരിക.
ബന്ധനത്തിൻ കൽത്തുറുങ്കുകൾ കയ്യോട്
കൈചേർത്ത് ഭേദിക്കും വീരമാനുഷർതൻ
തൂവേർപ്പുതുള്ളിയിൽ നിന്നുയരും മാനവമഹാഗീതിക.
തിളയ്ക്കും അധികാരഗർവ്വിനെവെല്ലാൻ
നൂറ്റാണ്ടുകളായ് പോർ മുഖങ്ങളിൽ ഉയർത്തിയ
കൈകളുമായ് നിന്നതും,
വിശ്വപ്രപഞ്ചത്തിൻ നിഗൂഢമാം പൊരുൾതേടി
ഉപഗ്രഹരൂപിയായ് ഉയർന്നതും.
മാനവരാശിക്കു ഭംഗം വരുത്തും മഹാമാരികളണ
ഞ്ഞപ്പോൾ ഔഷധമായവതരിച്ചതും,
മാനവമനീഷിയാം ധീരവിഹാരിക.
പുതുലോകം പണിയും സോദരർതൻ
ഹൃദയത്തുടിപ്പും പ്രതീക്ഷയും ഏറ്റുവാങ്ങി
പുതുയുഗത്തിലേക്കു പറന്നുയരുക,മാനവപ്രജ്ഞയാം
പ്രിയശാരികേ
നിനക്കു സുസ്വാഗതം..

കവിത



# ശേഷിപ്പുകൾ

നീ ബാക്കി വച്ചു പോയ
അടുക്കളയിൽ,
നിന്നെ തിരയുകയായിരുന്നു
ഞാൻ.
അരിപ്പെട്ടിയിൽ നിന്ന്
കിട്ടിയ നാല് ചില്ലറത്തുട്ടുകൾ,
ചായപ്പൊടിക്കിടയിൽ നിന്ന്
കിട്ടിയ രണ്ട് മിഠായിത്തുണ്ടുകൾ,
തൂക്കു പാത്രത്തിന്നടിയിലെ
പിഞ്ഞിത്തുടങ്ങിയ,
പത്തുരൂപാ നോട്ടുകൾ!
ഇതൊന്നും,
നീ കൊണ്ടു പോയതേയില്ലെന്ന്
ഓർത്തപ്പോൾ,
നിന്നെ വിളിച്ച് ഇതൊക്കെയും
തരണമെന്ന് ഞാൻ
കരുതിയതാണ്.
നിന്റെ സ്നേഹത്തിന്റെ
ശേഷിപ്പുകൾ,
ഇവിടെയുറങ്ങട്ടെയെന്ന്
പിന്നെയോർത്തു.
നീ നിന്റെ പുതിയ
അടുക്കളയിൽ
ഇതൊക്കെയും
കണ്ടെടുത്തിട്ടുണ്ടാകുമല്ലോ!



നിത്യലക്ഷ്മി

# വസന്തമേ

മുട്ടിയിട്ടും തുറക്കാത്ത വസന്തങ്ങളെതേടി
വാക്കുതെളിച്ച വഴിയേ,

സ്വരമേത് സംഗീതമേത് സുന്ദരമെന്ന്
തിരിച്ചറിയാനാകാത്ത
കിളിപാടും കാട്ടിലേക്ക്.

ഒന്നാംകാടിനേക്കാൾ
പച്ചച്ച രണ്ടാംകാട്.
അക്കമിടാൻ
വഴങ്ങിത്തരാതെ
പിന്നേയും കാടുകൾ

ഉൾക്കാട്ടിലായിരുന്നു
വൻമരങ്ങൾ.
കുളിരുചുരത്തുന്ന
അകവനം.

തിരിച്ചുപോകാൻ ഇഷ്ടമില്ലാത്തതിനാലാകാം
വന്ന വഴിയിപ്പോൾ
ഞാനോർക്കുന്നതേയില്ല.

സമ്പൂർണതയുടെ
ജൈവതലങ്ങളിൽ
കെട്ടിപ്പിണഞ്ഞ
ഞാനുമിനി
അമരനല്ലേ.

വന്ദ്യയീ
മാതാമഹതിയിലേക്കുള്ള യാത്രയിൽ
വസന്തമേ
നീയൊരു
നിമിത്തം മാത്രമായിരുന്നു.

അണിമുറിയാത്ത
ആ
നാഭിച്ചുഴിയുടെ
ചെറുകണ്ണിയാകട്ടെ ഞാനും.



ജബീറ ബീഗം

കവിത

# അപകട വളവുകളിലെ കവിതകൾ

## 1) പുഴ

..........................
ആദ്യ വളവിലൊരു പുഴയിൽ
ഭാരമില്ലാതെ ചീർത്തൊഴുകിയ
പെണ്ണിൻ ജഡത്തിൽ ജീവനില്ലെന്നവർ !
പോസ്റ്റ്മോർട്ടത്തിൽ തെളിഞ്ഞത് ,
മനസ്സ് നിറഞ്ഞു വയറിലൊതുക്കിയ
കിനാവറ്റ രണ്ടു തുറക്കാത്ത മിഴികൾ...

## 2) മാമ്പൂവ്

.......................................
രണ്ടാം വളവിലൊരു മാവ്,
അതിൽ രണ്ടു മാമ്പൂവ് ,
എത്രയോ ബാല്യങ്ങളെത്തി
ഓർമ്മകളിൽ തൂങ്ങിയാടിയിട്ടും
ഒരിക്കലുമെത്താത്ത ഉയരത്തിൽ
കായ്ക്കാത്ത മാമ്പഴത്തിന് മധുരം ,

## 3) ബന്ധം

.....................................
മൂന്നാം വളവിൽ വൃദ്ധരായ ഭിക്ഷക്കാരാണ് ,
അവിടെയാണ് പണ്ടിറക്കിവിട്ട അമ്മയെ
തേടി വർഷങ്ങൾക്കു ശേഷം
ഭാഗപത്രവുമായി മക്കൾ തമ്മിലടിച്ചത്, !

## 4) രൂപം

....................................
നാലാം വളവിലെ ദൈവാലയത്തിന്
അസാധ്യ ശക്തിയെന്നെല്ലാ വിശ്വാസികളും ,
ദൈവമില്ലെന്ന് പതുക്കെ സ്വന്തം
മനസ്സിനോട് പറയുന്ന ഭിക്ഷയാചിക്കുന്ന ഞാൻ
ദൈവരൂപത്തിന്റെ ശിൽപ്പിയെന്നു പറഞ്ഞില്ല !

## 5 ) പാലം

......................................
അഞ്ചാം വളവിലൊരു കോൺക്രീറ്റു പാലം ,
അതിന് തലമുറകളുടെ ഉറപ്പുണ്ടെന്നവർ !
അന്ധവിശ്വാസത്തിൽ ആൾബലിയിലുറപ്പിച്ച
ഈ പാലത്തിൽ അച്ഛൻ എവിടെയാണെന്ന്
പറയുമോയെന്ന് ഞാൻ ,?

## 6 ) വേട്ടക്കാർ

.......................................
ആറാം വളവിൽ വേട്ടയ്ക്കിരയായി
നീതിദേവത കരയുന്നു !
അന്ധയായതിനാൽ പതിവുപോലെ
വേട്ടക്കാരനെ തിരിച്ചറിയാനാകാതെ

## 7 ) അപകടം


.................................
എഴാം വളവിലൊരു കലാപം നടന്നു !
നെയ്ത സ്വപ്നങ്ങളും സംഭവിച്ച സത്യങ്ങളും
തമ്മിലാണ് പൊരുതിയത് !
തോറ്റ സ്വപ്നങ്ങളുടെ ജഡങ്ങളിൽ നിറയെ
ഒരിക്കലുമുണങ്ങാത്ത അപകട മുറിവുകൾ !
-----------------------------------------



നിബിൻ കള്ളിക്കാട്

കവിത

# മൺപുഴയുടെ സ്മൃതിമണ്ഡപം



സതീഷ് കളത്തിൽ

അന്നിവിടെ വിരുന്നു വന്നൊരു
മലമുത്തൻ തുമ്പിയുടെ നെഞ്ചിനകത്ത്
എന്നെകുറിച്ചു നിറയെ കഥയുണ്ട്;
ഓണത്തുമ്പിയുടെ നാവിൻതുമ്പിൽ
എന്നെകുറിച്ചു സുന്ദരമായ പാട്ടുണ്ട്.

ഇന്നവൾ ഓണമുണ്ണാനെത്തുമ്പോൾ,
അവളോടു ഞാനിനിയെന്തു ചൊല്ലണം?
അവൾ മുങ്ങിക്കുളിച്ചാ കാട്ടാറുകളില്ല;
ഓണംവിളി കേട്ടിരുന്നാ കാട്ടുതെന്നലില്ല;
തേനെടുത്തുണ്ണാനിവിടെ പൂങ്കാവനങ്ങളില്ല;
അവളന്നു കണ്ടുപോയ ആ ഞാനിന്നില്ല.

നിത്യമവളെ മാടി മാടി വിളിക്കാറുള്ള
ആ കുഞ്ഞിളം കൈകളിന്നെവിടെപ്പോയി?
സ്വപ് നങ്ങൾ വില്ക്കാനറിയാതിരുന്നാ
മാനവ ജീവിതങ്ങളിന്നെവിടെപ്പോയി?
മാബലിരാജ രാജരാജ രാജാധിപന്റെ
ആ പൊൻ പ്രജകളിന്നെവിടെപ്പോയി?

ജീർണ്ണസ്വപ് നങ്ങളൊന്നായ് ചേർന്ന്,
മരവിച്ചുക്കിടക്കുന്നൊരു ദുഃസ്വപ്നം;
ഒരു മൺപുഴയുടെ സ്മൃതിമണ്ഡപം.
ഉരുളെടുത്തഴുകിപ്പോയ ജീവിതങ്ങൾക്ക്,
ശോണിതമാർന്നൊരു സ്മൃതിമണ്ഡപം.
ഉരുൾപ്രളയത്തിന്നിരുൾ സന്തതിയുടെ,
ഉറഞ്ഞുത്തീർന്നൊരു സ്മൃതിമണ്ഡപം.
വില്ക്കാൻ സ്വപ് നങ്ങളവശേഷിപ്പിക്കാതെ
നാമാവശേഷമായ ജനതയുടെ സ്മൃതിമണ്ഡപം!



# കോളനി



ബഷീർ മുളിവയൽ

മുറം വിൽക്കുന്ന ജാനുവും,
മീൻകാരൻ മൂസയും,
കൂലി വേലായുധനും
കോളനിക്കാരായിരുന്നു

കോളനിപ്പിള്ളേര്
മറ്റു കുട്ടികളെക്കാൾ നന്നായി നീന്തും
ഓടും, ചാടും
അവരെക്കാളുഴരെ കല്ലെറിയും
കവണയിൽ ഉന്നം പിഴക്കാതെ
കിളിയെ വീഴ്ത്തും
എന്നിട്ടുമവരാരും മിടുക്കരായില്ല
അവരെ മാതൃകയാക്കാനാരും പറഞ്ഞില്ല!

കായിക മത്സരങ്ങളിൽ
സ്കൂളിനെ വിജയകിരീടം ചൂടിക്കാൻ
പൊരി വെയിലിൽ
അവർ ഓടി, ചാടി!

നാടകത്തിലവർക്ക് കള്ളനാകാനവസരം
കിട്ടിയെങ്കിലും തിരുവാതിരയിലും, ഒപ്പനയിലും
പൗരത്വ പട്ടികക്ക് പുറത്തു നിന്നു!

കലാമത്സരത്തിന്റന്ന്
തട്ട് കടയിലെ വെയ്റ്ററും, കോലൈസ്
കച്ചവടക്കാരനുമായി പ്രച്ഛന്നവേഷം
കെട്ടി ജീവിച്ചു!

സ്കൂൾ ഫോട്ടോയിലോ,
വിനോദയാത്രയിലോ ആട്ടോഗ്രാഫിലോ
അവരുടെ ഓർമ പതിഞ്ഞില്ല!
ബേക്കിലെ ബെഞ്ചിലും
കഞ്ഞിപ്പുരയിലും,
താമസിച്ചു വന്നതിന്
സ്കൂൾ പടിയിലും ക്ലാസ് കയറാതെയത്
പതുങ്ങി നിന്നു!

മാവിൽ കല്ലെറിഞ്ഞാലും,
തേങ്ങ മോഷ്ടിച്ചാലും നാട് കോളനിയിലേക്ക്
കുരച്ചു ചാടി!

കുളിക്കടവിൽ കുലസ്ത്രീകൾ
അവരുടെ നോട്ടം പേടിച്ചു വെറുതെ
മാറ് പൊത്തി!

ഇരുട്ടിൽ ഇളകിയ ഇലകൾക്കെല്ലാം
കോളനിക്കാരന്റെ രൂപം വരച്ചു
കുട്ടികൾ വിഡ്ഢികളായി!

കളവ് നടന്നാൽ തൊണ്ടി മുതൽ
കോളനിയിയിലുണ്ടാകുമെന്ന്
സംശയം വിധിച്ചു!

വെളുത്തകുട്ടിയുടെ പിതൃത്വം ഏതെങ്കിലും
പാണക്കാരന് പതിച്ചു നൽകിയും
കരുത്തവരെ
നക്സലാക്കിയും
പാടുന്ന പാട്ടിൽ കള്ള് മണത്തും,
നൃത്തച്ചുവടിൽ
കഞ്ചാവിന്റെ താളമുണ്ടെന്നുറച്ചും
മുദ്രാവാക്യങ്ങൾ
അസൂയയെന്ന് മൊഴിമാറ്റിയും
വോട്ട് പണത്തിനു വിൽക്കുമെന്ന്
വിധിയെഴുതിയും
കോളനിയെ നാട്ടിൽ നിന്ന് വേറിട്ടു
നിർത്താനൊരു മതിലുകെട്ടി!

ഇപ്പോൾ കോളനിയില്ല ആളുകൾ
പലവഴിക്ക് പോയി വീട് വെച്ചു
അവരിലാരൊക്കെയോ പഠിച്ചു ജോലി നേടി,
ചിലർ കവികളായി!

ആർക്കും കാണാനാവാത്തമതിൽ മാത്രം
ഇപ്പോഴുമുണ്ട് മതമേതായാലുംപണവും,
കുടുംബമഹിമയുമില്ലാത്തവരാണപ്പുറത്ത്
അവരിൽ മിടുക്കരാരുമില്ല.

# കോമാളി



സുനിൽരാജ്സത്യ


പർവ്വതങ്ങളിലൂടെ അലഞ്ഞെന്റെ ചിന്തകൾ,
പ്രണയകാലത്തിൻ പടവിൽ വന്നിരിക്കുന്നു.
ഉഷ്ണങ്ങൾ വാരിപ്പുതച്ചതെന്നല്ലാതെ-
യുൽകൃഷ്ടമായതേ,യൊന്നുമുണ്ടായില്ല

ഒന്നിനും കൊള്ളരുതാത്തവൻതന്നിവൻ -
ഒന്നരാടം കുറ്റം ചൊല്ലി പറഞ്ഞവർ.
കവിയെന്നൊരാക്ഷേപം പ്രകടമായിത്തന്നെ-
ചെവിയിലേക്കെത്തിച്ചു ബന്ധുജനങ്ങളും
എന്നിട്ടും സ്വപ്നത്തിൻ വഴിയേ നടന്നു ഞാൻ-
വിമ്മിട്ടം തോന്നുമ്പോൾ കുത്തിക്കുറിച്ചേറെ!

കേൾക്കുവാൻ ചെവിയേകാതെ കൂട്ടുകാർ -
നാൾക്കുനാൾ വിട്ടകന്നു പോയ് മൗനമായ്.
എങ്കിലും ഞാനെന്റെ രക്തക്കുറിപ്പുകൾ-
പങ്കിട്ടു എന്നിലെ എന്നോട് മാത്രമായ്..!
കാറ്റെന്റെ ചുണ്ടിലെ പാട്ടിൻ തരികളെ,
തട്ടിയെടുത്തു പറന്നുപോന്നീടവേ-
കേട്ടേതോ പെൺകൊടി ചോദിച്ചു പോലും,
പൊട്ടാത്ത ചില്ലൊത്ത കാവ്യങ്ങളേതെന്ന്..?!

ചെന്നെത്തി ഞാനപ്പോൾ ആസ്വാദികയുടെ-
കണ്ണെത്തിനിൽക്കുന്ന ദൂരത്ത് സൗമ്യമായ്.
ആരാധനയുടെ പൂക്കൾ നിറഞ്ഞൊരു-
ആരാമമായാ  മുഖമെന്നെ നോക്കവേ
കുറിച്ചും,കൊറിച്ചും, നിറച്ചും രണ്ടുടലുകൾ-
മനസ്സൊന്നിൽ കൊളുത്തി വലിച്ചു നടകൊണ്ടു!
ജീവിത പെരുമ്പറ കൊട്ടി വിളിച്ചപ്പോൾ-
ചേതനയുള്ളവർ സൗഭാഗ്യത്തിൻ വഴി ചേർന്നു!

കാവ്യം കറന്നുതളർന്ന കരളുമായ്-
കാത്തിരിക്കാനാരുമില്ലാത്ത ഗ്രീഷ്മത്തിൽ,
കനലിൻ പരപ്പിൽ വെന്തു നടക്കുന്ന-
കവിയെന്ന കോമാളിയാണ് ഞാനിപ്പോൾ



കവിത

# ഹിബാകുഷ



ഷബ്ന അബൂബക്കർ

കാതുതുളച്ചു കയറുന്നൊരു ശബ്ദത്തിനപ്പുറം,
കണ്ണഞ്ചിപ്പിക്കുന്നൊരു അഗ്നിചുവപ്പിനപ്പുറം,
ആരെന്ന് വേർതിരിച്ചെടുക്കാനാവാതെ
ഉയർന്നു കേട്ട നിലവിളികൾക്കും,
ചിതറിയ മാംസകഷ്ണങ്ങൾക്കുമപ്പുറം,
ഒരു ഉറക്കിനും ഉണർച്ചയ്ക്കുമിടയിൽ
അവർക്കെല്ലാം ചാരനിറമായിരുന്നു...

അവർ കാണും ആകാശങ്ങൾക്കും,
തൊടുന്ന ഭൂമികയ്ക്കും,
അവരുടെ വിടരാൻ മടിച്ച
അധരത്തിൽ കാണും
തളർന്ന പുഞ്ചിരിക്കും,
അവർ ഉറ്റുനോക്കുന്ന
കണ്ണുകൾക്ക് പോലും നിറംകെട്ട
ചാരനിറം...

നഷ്ടങ്ങളുടെ കൂറ്റൻ കാർമേഘകെട്ടുകളിൽ
അവർ വരച്ച മാരിവില്ലുകൾ
തേഞ്ഞുമാഞ്ഞു പോയി...
തീഗോളങ്ങൾ ചവച്ചു തുപ്പിയതിൽ പിന്നെ
കനൽ കെട്ടടങ്ങിയ അവരുടെ
കനവുകൾക്കുമാ നരച്ച ചാരനിറം
കണ്ടു തുടങ്ങി...

ഉറ്റവരും ഉടയവരും നിലനിൽപ്പിനായി
നിണം പകർന്ന് ചുവപ്പിച്ച ജന്മഭൂമികയിൽ
അവരുടെ ബന്ധങ്ങളെല്ലാം വെറും
പുകപടലങ്ങളായി മാറി...



അടഞ്ഞ മിഴികൾക്കപ്പുറം പ്രാണനിൽ
ഇരുൾ വീണേക്കുമെന്ന ഭീതിയിൽ
ഉറങ്ങാനാവാതെ,
ഉണർന്നിരിക്കുമ്പോൾ എല്ലാം
ചിതറിപോയേക്കുമെന്ന തോന്നലുകളിൽ
സ്വന്തം ശരീരങ്ങളെ പൊതിഞ്ഞു മുറുക്കി,
അവരുടെ ലോകമവർ വളരെ ചുരുക്കി
വരച്ചു...

അവർക്ക് ചുറ്റും ഇരുട്ടായിരുന്നില്ല...
എന്നാൽ എത്ര തിരഞ്ഞാലും
വെളിച്ചവും കണ്ടെടുക്കാനില്ല...
നിറങ്ങൾക്കും നിറമില്ലായ്മയ്ക്കുമപ്പുറമൊരു
നരച്ച ലോകം...
ഉറങ്ങാത്ത കണ്ണുങ്ങൾക്കും
ഉണർച്ചയില്ലാത്ത ഹൃദയങ്ങൾക്കും
വരണ്ട പുഞ്ചിരികൾക്കുമപ്പുറം
അവരുടെ ചാരനിറമുള്ള അറകൾ
മരവിച്ചു പോയിരിക്കുന്നു...

വെന്തടർന്ന ഉടലുകൾക്കുള്ളിൽ
നിർവ്വികാരമായ ഹൃദയം പേറിയവർ..
സ്വാർത്ഥതയുടെ സംഹാര താണ്ഡവത്തിൽ
സ്വപ്നങ്ങളൊക്കെയും മറന്നുപോയവർ...

എങ്കിലുമവർ അതിജീവനത്തിന്റെ
മഹാപർവ്വങ്ങളേറിയവരാണ്...
ഒരു 'കുഞ്ഞി ചെക്കന്റെ' കുസൃതിയിലും
'തടിയൻ മനുഷ്യന്റെ' വികൃതിയിലും
പിറന്നവർ...
ആരോ വലിച്ചെറിയും 'വിത്തി'നാൽ
പൊട്ടി പടരുന്നവർ...
ചുരുങ്ങിയ ലോകത്തിൽ അവരിങ്ങനെ
പെരുകി പെരുകി വരുന്നു...
സഹതാപത്തിന്റെ ചൂടിൽ അവർ
പിന്നെയും പൊള്ളിയടരുന്നു...

ഉരുണ്ട ഭൂമിയിലിതു പോലെയിനിയും
ഇരുണ്ട ദിനങ്ങളുദിക്കാതിരിക്കാൻ,
ഉരുകുന്ന മനസ്സുകൾക്ക് ഉറപ്പുള്ള
കൈത്താങ്ങിനായി...
ഉദാരതയുള്ള മനുഷ്യരെ നാമിനി
എവിടെ നിന്നും കടം കൊള്ളും???

# എന്നെ ഞാൻ

ഫാത്തിമ സഈദ

വീർത്തുന്തിയ വയറിൽ
തലോടിയ കരങ്ങൾ നെയ്തെടുത്ത
കിനാക്കളെല്ലാം ഏറെയാണ്
അമൃതൂട്ടിലൂറിയ അനുഭൂതിയേകിയ
ഇന്ധനത്താൽ തിളങ്ങിയാ കിനാതാരകം..
നാളെയുടെ വസന്തങ്ങളെ നട്ടുനനക്കാനുള്ള
വ്യഗ്രതയിലായിരുന്നോരോ പുലരിയും
ഇന്നെന്റെ കണ്ണൊന്നിടറിയാലതവന്റെ
നാളത്തെ കാലിടർച്ചയാകരുതെന്ന ആധി വേറെയും
ഇഴകളൊട്ടേറെയാമാ സ്വപ്നശാല
പണിതെടുക്കാനീ പകലൊട്ടുമേ പോര
നിശയും നിദ്രയും കവർന്നെടുത്തിതാ
മാതൃത്വം കർമനിരതയായി പേറുന്നു
ഒന്നൊഴിഞ്ഞിരുന്നയീ നേരമിതിൽ ഞാനെന്റെ
ഇന്നലെകളിലൊരോട്ടപ്രദക്ഷിണം നടത്തവേ
മറന്നു പോയിരിക്കുന്നു ഞാൻ
എവിടെയോ വെച്ചെന്നെ....
കറങ്ങി തിരിഞ്ഞൊരാ യാത്രക്ക്
ഒടുക്കം കണ്ടതോ നിന്നിലും



# വെട്ടം



അജയ് നാരായണൻ



**ഓ**ൺലൈനിലാണ് പെണ്ണുകാണൽ ചടങ്ങ് നടന്നതും കല്യാണം ഉറപ്പിച്ചതും. രാഹുൽ ദുബായിൽ സോഫ്റ്റ് വെയർ എഞ്ചിനീയർ. പൗർണ്ണമി മലയാളം അധ്യാപിക. ആലുവായിൽ താമസം.

കല്യാണത്തിന് ഇനി ഏഴു നാൾ മാത്രം. കല്യാണത്തലേന്നേ രാഹുൽ കൊച്ചിയിൽ എത്തൂ. തറവാട് കൊരട്ടിയിലാണ്.

എന്നും രാത്രി ഇന്ത്യൻ സമയം പത്തരയാവുമ്പോൾ രാഹുൽ പൗർണ്ണമിയെ വാട്സ്ആപ്പിൽ വിളിക്കും. വീഡിയോ കോളാണ്. പ്രതിശ്രുതവരന് ഒരായിരം സ്വപ്നങ്ങളും കാമനകളും ഉണ്ട്. അതെല്ലാം അവളുമായി പങ്കുവയ്ക്കും. മിക്കവാറും ഒൺസൈഡഡ് സം ാഷണം ആണ്. അതു കേട്ടിരിക്കുക എന്ന മഹാപ്രക്രിയയിൽ അവളുടെ നീണ്ട രാത്രികൾ ഒടുങ്ങി. അവളുടെ കണ്ണിലും നെഞ്ചിലും ഉറക്കച്ചടവിന്റെ വൃക്ഷം പടർന്നുപന്തലിച്ചു.

രാത്രി. കിടപ്പുമുറി. സെൽഫോൺ അടിച്ചു.

അവൾ പച്ചയിൽ തൊട്ടു. രാഹുലിന്റെ വിടർന്ന ചിരി സ് ക്രീനിൽ നിറഞ്ഞു.

എന്റെ പെണ്ണേ...

അവളുടെ തൊണ്ട മുറുകി.

ഇനി നാലു ദിവസങ്ങൾ...

അവൾ പിടഞ്ഞു. ചുണ്ടുകൾ ചിരിച്ചെന്നു കാട്ടി.

നിന്റെ ചിരിയിൽ ഞാൻ പിടയുന്നു, പൗർണ്ണമീ...

അവൻ അവന്റെ നെഞ്ചുതടവി, ഹാ എന്നു കുറുകി. പൗർണ്ണമിയുടെ കണ്ണുകൾ എന്തോ, തുളുമ്പി.

നിന്റെയധരങ്ങളിലെ തേനമൃത് എനിക്കല്ലേ പെണ്ണേ?

അവൾ ആ കണ്ണുകളിലേക്ക് നോക്കിയില്ല. അവളിൽ ഒരു ആധി കേറി.

രാഹുവിന്റെ അപഹാരം അവളിലേക്കങ്ങനെ പടർന്നു. ചന്ദ്രകാന്തക്കാന്തി കുറഞ്ഞ നാലാംനാൾ, വിവാഹനാൾ.

പൗർണ്ണമിയെ രാഹുൽ താലികെട്ടി.

അന്നു രാത്രി, പ്രഥമരാത്രി, അനുരാഗം പൂർണ്ണമാകുന്ന വൈകാരികവേളയ്ക്കായവൾ കാത്തിരുന്നു.

മുറിയിൽ ചന്ദ്രക്കലയുടെ നനുത്ത രശ്മികളുടെ നിറവിൽ തനിക്കരികെ കിടന്ന് സെൽഫോണിൽ വിരലിട്ട് ഇളക്കുന്നു രാഹുൽ.

കൃത്യം പത്തരക്ക് അവളുടെ സെൽഫോണിൽ രാഹുൽ പ്രത്യക്ഷനായി. നിർത്താതെയുള്ള ഓൺലൈൻ പ്രണയത്തിൽ പൗർണ്ണമിയ്ക്ക് നേരം വെളുത്തു. ●



# സോജാ രാജകുമാരി



അജിത ഗണപതി

**'ഹലോ...**

ഞാൻ ശിഖയാണ് ..'

ഫോണിന്റെ മറുതലയ്ക്കൽ നിന്നും മണികിലുക്കം പോലുള്ള ശബ്ദം കേട്ടപ്പോൾ ഞാനൊന്നു സംശയിച്ചു. വീണ്ടും അതേ ശബ്ദം

'നിനക്കെന്നെ മനസ്സിലായില്ല .അല്ലേ.ഞാൻ

സോജാ രാജകുമാരിയാണ്. '

ഇപ്പോൾ ഞാൻ ശരിക്കും അത്ഭുതപ്പെട്ടു പോയി.സന്തോഷം കൊണ്ടു തുള്ളിച്ചാടുന്ന മനസ്. കോളേജ് കാലത്തെ എന്റെ പ്രിയ കൂട്ടുകാരിയാണ് അപ്പുറത്ത്.

ഒന്നും രണ്ടുമല്ല നീണ്ട ഇരുപത്തെട്ട് വർഷങ്ങൾ... അത്രയും കാലത്തെ വിശേഷങ്ങൾ.... പറഞ്ഞിട്ടും പറഞ്ഞിട്ടും തീരുന്നില്ല ....

പുറത്ത് മഴ പെയ്യുന്നുണ്ട്...

നിർത്താതെ ഉതിരുന്ന മഴത്തുള്ളികളുടെ കൊഞ്ചൽ വകവയ്ക്കാതെ പതിയെ പതിയെ ഞാനെന്റെ ക്ലാസിലെത്തിച്ചേർന്നു.....

ഡിഗ്രി ഒന്നാം വർഷ ക്ലാസ് തുടങ്ങി ഒരു മാസം കഴിഞ്ഞ് പുതുതായി ചേരാൻ വന്ന കുട്ടിയെ തെല്ലൊരു കൗതുകത്തോടു കൂടിയാണ് ഞങ്ങൾ നോക്കിയത്. പുതുമയുള്ള പേര് .... ഹിന്ദി കലർന്ന മലയാളം. നല്ല ഇംഗ്ലീഷ്'.. ' നദിയാ മൊയ്തുവിനെ പോലെയുണ്ട് കാണാൻ' ഞങ്ങൾ മറ്റു പെൺകുട്ടികൾ അടക്കം പറഞ്ഞു. ക്ലാസിൽ എന്റെയടുത്തായിരുന്നു ശിഖയുടെ സീറ്റ് .അച്ഛൻ കേന്ദ്ര ഗവൺമെന്റ് സർവീസിൽ നിന്നും റിട്ടയർ ആയതു കൊണ്ട് ഡൽഹിയിലെ താമസം മതിയാക്കി അവർ തിരികെ തറവാട്ടിലേക്ക് വന്നതാണത്രേ.മുതിർന്ന രണ്ടു ചേട്ടൻമാരുടെ കുഞ്ഞനുജത്തി. അമ്മ ടീച്ചറാണ്. അവൾ സ്വയം പരിചയപ്പെടുത്തി. ഇനി ഞങ്ങളുടെ ക്ലാസ്'. 20 പെൺകുട്ടികളും18 ആൺകുട്ടികളും. എല്ലാവരും പഠനത്തിൽ അധികം മോശമല്ലാത്ത നിലവാരം പുലർത്തുന്നവർ. വായനയും കവിതയും പാട്ടുമൊക്കെയായി നല്ല രസകരമായ ക്ലാസ്.

പുള്ളിക്കുയിൽ എന്നോമനപ്പേരുള്ള ജയമോഹന്റെ നേതൃത്വത്തിലുള്ള ഒരു പാട്ടു സംഘമായിരുന്നു ഞങ്ങളുടെ ക്ലാസിന്റെ പ്രധാന ആകർഷണം. ഉച്ചഭക്ഷണ സമയത്തും മറ്റ് ഒഴിവുവേളകളിലും പുള്ളിക്കുയിലും സംഘവും നല്ല നല്ല പാട്ടുകളും കവിതകളും അവതരിപ്പിക്കും. മിക്കപ്പോഴും കോറസായി ഞങ്ങൾ പെൺകുട്ടികളും കൂടും. ക്ലാസിലെ മിക്കവർക്കും ഉണ്ട് വരവേൽപ്പ് ഗാനങ്ങളും വട്ടപ്പേരുകളും അവരുടെ വകയായി.... ..

പുസ്തകങ്ങൾ നെഞ്ചോടു ചേർത്ത് തല കുനിച്ചു നടന്നു വരുന്ന ഗീതയ്ക്കായുള്ള സ്വാഗത ഗാനംഇതാണ്...



'നളദമയന്തിക്കഥയിലെ അരയന്നം പോലെ ..കുണുങ്ങിക്കുണുങ്ങി പോകും പെണ്ണേ..... '

ഞങ്ങളുടെ ക്ലാസിലെ പെൺകുട്ടികളോടൊഴികെ കോളേജിലെ മറ്റെല്ലാ പെൺകുട്ടികളോടും പ്രേമാഭ്യർത്ഥന നടത്തുന്ന പ്രകാശനു വേണ്ടിയുള്ള പാട്ടാണ് 'കുണുക്കിട്ട കോഴി .. കുളക്കോഴി:.....'

തന്റെ പേര് തീരെ പഴഞ്ചനാണെന്ന് ചെറിയൊരു അപകർഷതാബോധം കൊണ്ടു നടക്കുന്ന ശിവശങ്കരൻ ബുക്കുകളിലൊക്കെ ശിവശങ്കർ എന്നേ എഴുതാറുള്ളൂ

അവനെ നോക്കി ഗായക സംഘം ശങ്കരാഭരണം സ്റ്റൈലിൽ നീട്ടി പാടും

'ശങ്കരാ........നാദ ശരീരാ പരാ.....

വേദ വിഹാര ഹരാ.. ജീവേശ്വരാ...'

പിന്നെ വട്ടപ്പേരുകൾ....മുഖം കുനിച്ച് കണ്ണടയുടെ മേലേക്കൂടി നമ്മുടെ മുഖത്തേയ്ക്ക് നോക്കി സംസാരിക്കുന്ന രവിയ്ക്ക് പിള്ളേച്ചൻ... സാറാഫിലിപ്പിന് താറാക്കുട്ടി... ഒരു പാളിയിളകിയ ജനലിലൂടെ മാത്രം ക്ലാസിനുള്ളിലേക്ക് പ്രവേശിക്കാറുള്ള ഷിബുവിന് വിളിപ്പേര് മരഞ്ചാടി.. അങ്ങനെയങ്ങനെ ...

നിരുപദ്രവകരമായ ഈ തമാശകൾ ഞങ്ങൾക്കെല്ലാം ഇഷ്ടമായിരുന്നു. അധികം താമസിയാതെ ശിഖയും ഞങ്ങളുടെ ഗാനമേള സംഘത്തിലെ സജീവ പെൺ സാന്നിധ്യമായി മാറി. കോളേജിൽ ജയമോഹനും ശിഖയും ചേർന്ന് പാടുന്ന യുഗ്മഗാനങ്ങൾക്ക് ആരാധകർ കൂടി. ഒരിയ്ക്കൽ രഘുനാഥൻ സാറിന്റെ ക്ലാസിലിരുന്ന് ഉറങ്ങിപ്പോയ ശിഖയെ നോക്കി ജയമോഹൻ ഈണത്തിൽ നീട്ടിപ്പാടി.

'സോജാരാജകുമാരീ.... ........

സോ.. ജാ.....'

സംഘം മുഴുവനും അതേറ്റു പാടി.

പാട്ടിന്റെ മാധുര്യം കൊണ്ടാണോ അതോ അവളോടുള്ള ഇഷ്ടം കൊണ്ടാണോ എന്നറിയില്ല

സോജാ രാജകുമാരി വൻ ഹിറ്റായി. ഞങ്ങൾ എല്ലാവരും മനസുകൊണ്ട് സൈഗാളും ലതാ മങ്കേഷ്ക്കറുമായി. സത്യം പറഞ്ഞാൽ ടീച്ചർമാർക്ക് പോലും പിന്നീട് അവൾ സോജാ രാജകുമാരിയായിരുന്നു....

'എന്റെ വീട്ടിലും ഞാനൊരു രാജകുമാരിയാണ് '. ഒരിയ്ക്കൽ

അവൾ പറഞ്ഞു. ഫൈനൽ ഇയർ ക്ലാസ്സ് കഴിയാൻ ഒരാഴ്ച ബാക്കി നിൽക്കേയാണ് ശിഖ പറഞ്ഞത്..

അച്ഛന് എന്തൊക്കെയോ ആരോഗ്യ പ്രശ്നങ്ങൾ ഉള്ളതുകൊണ്ട് അവളുടെ കല്യാണം പെട്ടെന്ന് നടത്താൻ വീട്ടുകാർ തീരുമാനിച്ചത്രേ. പരീക്ഷ കഴിഞ്ഞാലുടൻകല്യാണം. വരൻ അച്ഛന്റെ സുഹൃത്തിന്റെ മകൻ. ഡൽഹിയിൽ ജോലി....

കൂട്ടുകാർ തമ്മിൽ പറഞ്ഞുറപ്പിച്ചതാണ്. പണ്ടു തന്നെ......

വിവാഹത്തിന് ഞങ്ങൾ ഒട്ടുമിക്ക പേരും എത്തിയിരുന്നു.

ആൺ കുട്ടികളുടെ കൂട്ടത്തിൽ പക്ഷേ പുള്ളിക്കുയിലിനെ കണ്ടില്ല. സ്വർണാഭരണങ്ങളൊക്കെയണിഞ്ഞ് കൈ നിറയെ മെഹന്തിയുമിട്ട് ശരിയ്ക്കുമൊരു രാജകുമാരിയായി നിൽക്കുന്ന ശിഖയെ കണ്ടപ്പോൾ ഞങ്ങൾ പെൺകുട്ടികൾക്ക് തെല്ലൊരസൂയ തോന്നാതിരുന്നില്ല.

ജയമോഹൻ വന്നിട്ടില്ലായെന്നറിഞ്ഞപ്പോൾ അവളുടെ കണ്ണുകൾ ഈറനണിയുന്നത് ഞങ്ങൾ കണ്ടില്ലായെന്ന് നടിച്ചു.

'രാജകുമാരിയും രാജകുമാരനും നീണാൾ വാഴട്ടെ'

ഞങ്ങൾ കോറസായി യാത്ര പറഞ്ഞു. പിരിയാൻ നേരം അവൾ എന്റെ കൈയിൽ മെല്ലെയൊന്നമർത്തി. അവളുടെ കണ്ണുകളിലേക്ക് നോക്കാൻ അപ്പോഴെനിക്കായില്ല. പിന്നെ ഇപ്പോൾ വീണ്ടും ഞങ്ങളുടെ സോജാ രാജകുമാരി. ഫോൺ വച്ചു കഴിഞ്ഞിട്ടും അവളുടെ ശബ്ദം എന്റെ കാതിൽ......

ഞാൻ പതിയെ മൂളി ..

'സോജാ രാജകുമാരീ...... സോജാ...'

ഓർമ്മകൾ മയിൽപ്പീലി പോലെയാണ്.... അത് കൊഴിഞ്ഞാലും കൂട്ടി വയ്ക്കാം മനസിന്റെ ആഴങ്ങളിൽ.... എവിടെയോ വായിച്ചതാണ്.....

'ആച്ചീ...പെൺകുട്ടികൾ സ്വന്തം വീട്ടിലേയുള്ളൂ രാജകുമാരി.വിവാഹം കഴിഞ്ഞാൽ അവളൊരു വേലക്കാരിയാണ് വേറൊരു വീട്ടിൽ '..... ശിഖ തുടർന്നു., 'വിവാഹം കഴി

ഞ്ഞ നാളുകളിലൊന്നിൽ ഞാൻ അമ്മയോട് ചോദിച്ചു കുഞ്ഞു നാളിൽ എന്നെ ഉറക്കാനായി അമ്മ പറഞ്ഞു തന്ന കഥകളെല്ലാം.....മിറ വേല്യ ഹശ്ലറ വമ്പുശഹ്യ ല്ല്യ മളലേ്യ..... എന്ന് നുണ പറഞ്ഞവസാനിപ്പിച്ചത് എന്തിനാണെന്ന് ....

അപ്പോൾ അമ്മ പറഞ്ഞു നല്ല സ്വപ്നങ്ങൾ കാണാനാണെന്ന്.

നല്ല സ്വപ്നങ്ങൾ ഉണ്ടെങ്കിൽ മാത്രമേ നമുക്കീ ജീവിതം ഒരു സ്വപ്നം പോലെ ജീവിച്ചു തീർക്കാനാകുകയുള്ളത്രേ....

മൂത്ത ചേട്ടനും കുടുംബവുമാണ് തറവാട്ടിൽ. അമ്മ അവിടെയാണ്. അച്ഛൻ മരിച്ചിട്ട് ഏറെ വർഷങ്ങളായി. അച്ഛന്റെ മരണശേഷം ഓരോ തവണയും തറവാട്ടിൽ ചെല്ലുമ്പോൾ എനിക്കൊരു വിരുന്നുകാരിയുടെ പരിവേഷം ആരൊക്കെയോ ചേർന്നു ചാർത്തിത്തരുന്നതുപോലെ... ഒരിയ്ക്കൽ ഇറങ്ങാൻ നേരം എന്റെ നെറുകയിൽ ചുംബിച്ചിട്ട് അമ്മ പറഞ്ഞു ഞാൻ കുഞ്ഞായിരുന്നപ്പോൾ എന്റെ അമ്മയും എനിക്ക് രാജകുമാരിയുടെയും കുതിരപ്പുറത്ത് വരുന്ന രാജകുമാരന്റെയും കഥകൾ പറഞ്ഞു തന്നിരുന്നുവെന്ന്.....'

അവൾ പറഞ്ഞു കൊണ്ടേയിരുന്നു. ഞാൻ നല്ലൊരു കേൾവിക്കാരിയായി ..തന്റെ ഭർത്താവിനെക്കുറിച്ചും രണ്ടു മക്കളെക്കുറിച്ചും മരുമക്കളെക്കുറിച്ചും തന്നെ അമ്മൂമ്മയെന്ന പദവിയിലേയ്ക്കുയർത്തിയ കുസൃതിക്കുരുന്നിനെക്കുറിച്ചും അവൾ വാ തോരാതെ സംസാരിച്ചു.

'കടമകൾ നിർവഹിച്ചും സ്നേഹിച്ചും എനിക്ക് സ്വന്തം ഇഷ്ടങ്ങൾ പോലും ഇല്ലാതായി ആച്ചീ...അഥവാ എന്റെ ഇഷ്ടങ്ങൾ എന്താണെന്ന് ആരും തന്നെ എന്നോട് ഇതുവരെയും ചോദിച്ചില്ല. ഭർത്താവിന്റെയും കുട്ടികളുടേയും ഇഷ്ടങ്ങൾ ഞാൻ എന്റേതു കൂടിയാക്കി മാറ്റുകയായിരുന്നു. കേരളത്തിൽ പഠിക്കാനായെത്തിയ മൂന്നു വർഷങ്ങൾ....

അവിടെ എനിക്കെന്നെത്തന്നെ കളഞ്ഞു പോയെന്നു തോന്നുന്നു. സ്വപ്നം പോലെയുള്ള ഈ ജീവിതം പൊലിയുന്നതിന് മുൻപ് ഒരിയ്ക്കൽക്കൂടി നമ്മുടെയാ ക്ലാസിലേയ്ക്കോടിക്കയറാൻ എനിക്ക് കൊതിയാകുന്നു. അന്നത്തെപ്പോലെ എല്ലാവരും കൂടി താളമിട്ട് കവിതയും പാട്ടുമായ്....

ഒരിക്കൽക്കൂടി നിങ്ങളുടെ സോജാ രാജകുമാരിയായ്.......'

അവൾ പറഞ്ഞു നിർത്തി.

' പഴയ കൂട്ടുകാരിയെ തിരികെ കിട്ടിയപ്പോൾ സന്തോഷിക്കുകയല്ലേ വേണ്ടത്.

പകരം അമ്മയെന്തിനാ കരയുന്നത്...?'മകൾ ചിരിച്ചു കൊണ്ട് എന്റെ കവിളിൽ തട്ടി.

കൊല്ലം എസ് .എൻ.കോളേജിന്റെ രണ്ടാമത്തെ നിലയിലാണ് ഞങ്ങളുടെ ക്ലാസ് റൂം. ലഞ്ച് ബ്രേക്ക് കഴിയാറായി. കുട്ടികൾ അങ്ങോട്ടുമിങ്ങോട്ടും തിരക്കിട്ട് പോകുന്നു. ഒരു പാളിയിളകിപ്പോയ ജനലിലൂടെ ഞാൻ വെളിയിലേക്ക് നോക്കി ....

കന്റോൺമെന്റ് മൈതാനത്തിൽ ഏതോ എക്സിബിഷൻ നടക്കുകയാണ്. ഇടവിട്ടിടവിട്ട് എന്തോ അനൗൺസുമെൻറ് കേൾക്കുന്നുണ്ട്. ജനലറ്റം പൊക്കത്തിൽ വളർന്നു നിൽക്കുന്ന പേരറിയാമരത്തിൽ കാക്കകൾ കലപില കൂട്ടുന്നു. ആ മരത്തിനു താഴെയായിട്ടാണ് ഊണുകഴിഞ്ഞ് കൈ കഴുകാനുള്ള സംവിധാനമുള്ളത്. കോളേജിനു മുൻപിലുള്ള റോഡിലൂടെ ബസുകളും മറ്റ് വാഹനങ്ങളും ഇടമുറിയാതെ പൊയ്ക്കൊണ്ടിരിക്കുന്നു.

റോഡിന് പാരലൽ ആയിട്ടുള്ള റെയിൽവേ പാളത്തിലൂടെ ഒരു ട്രെയിൻ തിരുവനന്തപുരം ലക്ഷ്യമാക്കി കൂകിപ്പാഞ്ഞു പോയി. ഇന്ന് ഞങ്ങളുടെ ക്ലാസ് കഴിയുകയാണ്. എല്ലാവരുടെയും നെഞ്ചിനകത്ത് ഒരു കടലിരമ്പം ......

അങ്ങകലെ നെഹ്റു പാർക്കിന് സമീപമുള്ള മഞ്ഞച്ചായമടിച്ച കൂറ്റൻ വാട്ടർ ടാങ്ക് ഞാനിതെത്ര വേർപാടുകൾ കണ്ടതാണെന്ന മട്ടിൽ തലയുയർത്തി നിൽക്കുന്നു. നാളെ മുതൽ ഇവിടെ നിന്നു കൊണ്ടുള്ള ഈ കാഴ്ചകൾ ഓർമ്മകളുടെ ശേഖരത്തിലേക്ക് ചേക്കേറാനുള്ളതാണ്. ശിഖയും മറ്റുള്ളവരും കൈ കഴുകി വന്നു.

'ഇന്ന് നമ്മുടെ ദിവസമാണ്...' ജയമോഹനുംസംഘവും റെഡിയായി. പുള്ളിക്കുയിലിന്റെ ശബ്ദത്തിന് ചെറിയൊരിടർച്ച പോലെ.....

ഇന്ന് ക്ലാസ് സമയത്ത് പാടിയാലും കുഴപ്പമില്ല. ടീച്ചേഴ്സിന്റെ മൗനാനുവാദമുണ്ട്. സെക്കന്റിയർ ക്ലാസിലേക്ക് പോകുകയായിരുന്ന സുശീലൻ സാർ തല കുലുക്കി ചിരിച്ചു കൈ ഉയർത്തിക്കാണിച്ചു .

മേശമേൽ താളമടിച്ച് ജയമോഹനും കൂട്ടരും പാടാൻതുടങ്ങി.

'പൊന്നരിവാളമ്പിളിയില്
കണ്ണെറിയുന്നോളേ
ആ മരത്തിൻ പൂന്തണലില്
വാടിനിൽക്കുന്നോളേ......
വാടിനിൽക്കുന്നോളേ....
പുൽക്കുടിലിൻ പൊൻകതിരാം
കൊച്ചു റാണിയാളേ...
കൺകുളിരേ നിനക്ക് വേണ്ടി
നമ്മളൊന്നു പാടാം
നമ്മളൊന്നു പാടാം.....'

●

ലേഖനം

# എന്നും അബലയാകാൻ വിധിക്കപ്പെട്ടവൾ





**ഫിദ ഫാത്തിമ**

സമൂഹത്തിൽ സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ ഓരോ ദിവസവും കഴിയുന്തോറും കൂടിക്കൂടി വരികയാണ്. കണക്കുകൾ പ്രകാരം രാജ്യത്ത് 24 മണിക്കൂറിനുള്ളിൽ പത്തിനും പതിനഞ്ചിനും ഇടയിൽ ബലാത്സംഗ കേസുകൾ നടക്കുന്നുണ്ട്...എന്നിട്ട് മുഴുവൻ പ്രതികളും ശിക്ഷിക്കപ്പെട്ടോ?. ഇനിയും എത്രപേർക്ക് നീതി ലഭിക്കാനുണ്ട്?. ഒരിക്കലും പൂർണമായി ഉത്തരം കിട്ടാത്ത ചോദ്യങ്ങളാണ് ഇവ...

ചില പ്രതികൾ വീണ്ടും വീണ്ടും തെറ്റുകൾ ചെയ്ത് പുറത്തുവിലസി നടക്കുന്നു. അവർക്കെതിരെ എന്ത് നടപടി എടുത്തു? തെറ്റ് ചെയ്തവനെ ജയിലിൽ അടച്ചാലും പണക്കാരന്റെ പുത്രനോ,രാഷ്ട്രീയ തലവന്റെ പുത്രനോ ആണെങ്കിൽ തികച്ച് രണ്ടാഴ്ച പോലും അവിടെ കിടക്കേണ്ടി വരില്ല... അഥവാ കിടക്കേണ്ടി വന്നാലും രാജാവിന് തുല്യമുള്ള ആനുകൂല്യങ്ങൾ നൽകി പോലീസുകാർ പോലും മുട്ടുമടക്കി ഓച്ഛാനിച്ചു നിൽക്കും... ഇവിടെ ആർക്കാണ് തെറ്റുപറ്റുന്നത് പെണ്ണിന് ജന്മം നൽകിയ മാതാപിതാക്കൾക്കോ, അല്ലെങ്കിൽ സമൂഹത്തിലെ നിയമപാലകർക്കോ...

നിയമം നടപ്പിലാക്കേണ്ടവർ തന്നെ നിയമങ്ങൾക്കെതിരെ നിൽക്കുമ്പോൾ പെണ്ണിന് സംരക്ഷണം നൽകുന്നതാര്?

തെറ്റ് ചെയ്തവരെ ചേർത്തുപിടിക്കുന്നതാര്..പിറന്നുവീണ കുഞ്ഞടക്കം വയസ്സായി ഒന്ന് അനങ്ങാൻ പോലും കഴിയാത്ത സ്ത്രീകൾ വരെ അനുഭവിക്കുന്ന അതിക്രമങ്ങൾ ഇന്ന് നാട് നീളെ ചർച്ചയാവുകയാണ് ജോലിസ്ഥലത്തായാലും വിദ്യാഭ്യാസ സ്ഥാപനങ്ങളിലായാലും എന്തിന് കുടുംബങ്ങളിൽ പോലും സ്ത്രീകൾ സുരക്ഷിതരല്ല....

## സ്വന്തം ഭവനം പോലും സുരക്ഷിതമായ ഇടമല്ല

സ്ത്രീകൾ ആധുനിക വസ്ത്രത്തിന് പകരം പരമ്പരാഗത വസ്ത്രം ധരിച്ച് വീട്ടിൽ തന്നെ ഇരുന്നാൽ സുരക്ഷിതരായിരിക്കും എന്നും രാത്രികാലങ്ങളിൽ സ്ത്രീ പുറത്തിറങ്ങുന്നത് കൊണ്ടാണ് ഇത്തരം അതിക്രമങ്ങൾ കൂടി വരുന്നതെന്നും പറഞ്ഞുകൊണ്ട് സ്ത്രീകളുടെ മേൽ അധിക്ഷേപങ്ങൾ അടിച്ചേൽപ്പിക്കുന്നവരാണ് ഈ യുഗത്തിൽ ജീ

വിക്കുന്നവർ.പക്ഷേ പിറന്നുവീണ് പെൺകുഞ്ഞ് ആണെന്ന് മനസ്സിലായത് മുതൽ അവളുടെ ചുറ്റിലും കഴുകൻ കണ്ണുകൾ ചുറ്റുന്നുണ്ട്. അതിക്രമത്തിനിടയായി ഈ ഭൂമിയിൽ നിന്ന് കൂടുതലും ഒരുപക്ഷേ ഇല്ലാതായതും ഒരു വയസ്സിനും 10 വയസ്സിനും ഇടയിലുള്ള കുഞ്ഞുങ്ങൾ തന്നെയായിരിക്കും. അവർ രാത്രികാലങ്ങളിൽ ഇറങ്ങി നടക്കുന്നതുകൊണ്ടാണോ..ഒരിക്കലും അല്ല. ആധുനിക വസ്ത്ര ധാരണ കൊണ്ടാണോ? സ്ത്രീകളെ അടിച്ച് ആക്ഷേപിക്കുന്നവർ ഇതിനുള്ള ഉത്തരം കൂടി നൽകേണ്ടതാണ്. ഒരു കൃത്യം നടക്കുമ്പോൾ മാത്രം നീതിബോധം ഉണരുന്ന അധികൃതർ കൃത്യം നടക്കാതിരിക്കാനുള്ള വഴികളാണ് തേടേണ്ടത്. തൊഴിലിടങ്ങളിലും സ്ത്രീകളെ മാനസികമായും ലൈംഗികമായും പുരുഷന്മാർ പീഡിപ്പിച്ചുകൊണ്ടിരിക്കുന്നു..



## തൊഴിലിടങ്ങളിൽ വ്രണപ്പാടുകളേറ്റുവാങ്ങുന്നവർ

തൊഴിലിടങ്ങളിൽ സ്ത്രീകൾക്ക് നേരെയുള്ള ലൈംഗിക അതിക്രമങ്ങളിലൂടെ ലക്ഷ്യം വയ്ക്കുന്നത് സ്ത്രീകളുടെ മേൽ ആധിപത്യം സ്ഥാപിക്കുക എന്നതാണ്...ചൂഷണം ചെയ്യപ്പെട്ടവരെല്ലാം തുറന്നുപറയാൻ മുന്നോട്ടുവരികയും ചൂഷണം ചെയ്തവർ ശിക്ഷിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പുവരുത്തുകയും വേണം..ദുരനുഭവങ്ങൾ തുറന്നു പറഞ്ഞാൽ കുടുംബത്തിനും, ഭാവിക്കും എന്തെങ്കിലും പ്രശ്നങ്ങൾ ഉണ്ടാകുമോ എന്ന ചിന്തയും,സ്ത്രീകൾക്ക് വേണ്ടി സംസാരിക്കുന്നവർ മുഴുവനും ചൂഷണത്തിനിരയായ വരാണെന്ന ചിന്തയും ആദ്യം മനുഷ്യ മനസ്സുകളിൽ നിന്നും മാറണം.പുരുഷന്മാരെ പോലെത്തന്നെ പൂർണ്ണ അധികാരം സ്ത്രീകൾക്കും ഭൂമിയിൽ ഉണ്ട്.രാത്രി സന്തോഷത്തോടെ ജോലിയും കഴിഞ്ഞ് ഉറങ്ങാൻ കിടന്ന പല സ്ത്രീകളും രാവിലെ ആകുമ്പോഴേക്കും ചലനം അറ്റ് മരവിച്ച് പിച്ചിച്ചീന്തപ്പെട്ട ശരീരങ്ങളായി തെരുവുകളിലും കുപ്പ കൂമ്പാരങ്ങളിലും തള്ളപ്പെടുന്നു...അത്രയും കാലം അവർക്ക് വേണ്ടി സ്വപ്നങ്ങൾ നെയ്തെടുത്ത് ജീവിച്ച മാതാപിതാക്കളോട് എന്തുത്തരം പറയാൻ കഴിയും.. ' നിങ്ങളുടെ മകൾ ജോലി കഴിഞ്ഞ് ഉറങ്ങിയത് കൊണ്ടാണ് ഈ അതിക്രമം നടന്നതെന്നോ' അല്ലെങ്കിൽ രണ്ടുദിവസം മാധ്യമങ്ങളിൽ ഇര എന്ന പേരിൽ നിറഞ്ഞു നിന്ന് മൂന്നാം നാൾ വെറും ആത്മഹത്യ എന്ന പേരിൽ കേസ് അടച്ചു പൂട്ടാനോ.... ആശുപത്രികളിൽ പോലും ധൈര്യത്തോടെ പോകാൻ കഴിയാത്ത

കാലമാണിത്. ഓപ്പറേഷൻ തീയേറ്ററുകളിൽ നിന്ന് ജീവനുവേണ്ടി പിടയുന്നതിന്റെ ഇടയിലും എത്രയെത്ര അതിക്രമങ്ങളാണ് നടന്നുകൊണ്ടിരിക്കുന്നത്.ചിലത് തെളിയിക്കപ്പെടുന്നു ചിലത് നീതി കിട്ടാതെ ഒളിച്ചു വെക്കപ്പെടുന്നു. ഇന്ന് നിലവിൽ ചർച്ച ചെയ്തുകൊണ്ടിരിക്കുന്ന ഒരു വിഷയമാണ് സിനിമ മേഖലയിലെ സ്ത്രീ ചൂഷണം... എന്തുകൊണ്ട് അത് ഇത്രയും കാലം പുറത്തുവന്നില്ല? കുറച്ചു വർഷങ്ങൾക്കു മുമ്പ് ഇതേ കേസ് കൊടുത്തു എന്ന് പറയപ്പെടുന്നുണ്ട് എന്നിട്ട് എന്തുകൊണ്ട് അവർക്ക് നീതി ലഭിച്ചില്ല? എന്ത് കൊണ്ട് ഇതാരും ചർച്ച ചെയ്തില്ല...എന്തുകൊണ്ട് ഈ ചോദ്യത്തിന് മാത്രം ഉത്തരം ലഭിക്കുന്നില്ല?പ്രതികൾ രാഷ്ട്രീയ തലപ്പത്തിരിക്കുന്ന പുരുഷ മേധാവികൾ ആയതിനാലോ? അല്ലെങ്കിൽ നീതി ലഭിക്കേണ്ടവൾ പെണ്ണ് ആയതിനാലോ? ഇനിയും ഭരണാധികാരികൾ കണ്ണ് തുറന്നില്ലെങ്കിൽ അനേകം ജീവനുകൾ ഈ മണ്ണിൽ ഇല്ലാതാവും... നിങ്ങൾ തന്നെ ചിന്തിച്ചു നോക്കുക നിങ്ങളുടെ പെൺമക്കൾ വീടുകളിൽ സുരക്ഷിതരാണോ? നാളെ അവർക്കും ഈ അവസ്ഥ വരാം. അന്ന് നീതി നടപ്പിലാക്കിയത് കൊണ്ട് കാര്യമില്ല മറിച്ച് ജനിച്ചു വീഴുന്ന ഓരോ പെൺകുഞ്ഞിനും സംരക്ഷണം നൽകണം. ചൂഷണം ചെയ്യപ്പെട്ട സ്ത്രീകൾ ഒരു മടിയും കൂടാതെ പുറത്തേക്ക് വന്ന് എല്ലാം തുറന്നുപറയണം. അതിപ്പോൾ എത്ര വലിയ തലപ്പത്തിരിക്കുന്നവൻ ആയാലും തെറ്റ് ചെയ്തിട്ടുണ്ടെങ്കിൽ ശിക്ഷ ലഭിക്കണം... അത് അച്ഛനായാലും, സഹോദരനായാലും, വെള്ളയും വെള്ളയും ഇട്ട ഏത് മന്ത്രിമാരായാലും.. കാക്കിക്കുള്ളിലെ പോലീസുകാരനായാലും..



## പരാതികൾ ചുവപ്പുനാടയിൽ കുടുങ്ങിക്കിടക്കുന്നു

തെളിയിക്കപ്പെടാത്ത കുറേ നിരപരാധികളുടെ കണ്ണുനീർ ഇന്നും ചില മേശപ്പുറത്ത് ചുവന്ന റിബണിൽ കെട്ടി വെച്ചിട്ടുണ്ട്...പഴയ കേസുകൾ പൊടിമുട്ടിയെടുത്ത് ന്യായത്തിന് കൂട്ടുനിന്നാൽ മാത്രമേ ഇതുപോലുള്ള അതിക്രമങ്ങൾക്ക് ഒരു അതിര് വരികയുള്ളു.. തെറ്റ് ചെയ്തു എന്ന് തെളിയിക്കപ്പെട്ടാൽ ജയിലിൽ അവറ്റകളെ തീറ്റി

പോറ്റി വളർത്താതെ തൂക്കു കയർ മുറുക്കണം....പെൺകുട്ടി ജീവന് വേണ്ടി അവന്റെ മുന്നിൽ എങ്ങനെ പിടഞ്ഞോ, മരണത്തെ എത്രമാത്രം ഭയന്നോ അതെ അനുഭവങ്ങൾ അവന്റെ കണ്ണുകളിലും നിറഞ്ഞു കാണണം ...ഇനി ഇപ്പോൾ നീതി ഭരണാധികാരികൾ നടപ്പിലാക്കിയില്ലെങ്കിൽ വളർന്നു വരുന്ന പെൺ തലമുറയിലെ ഓരോ പെണ്ണും അവർക്ക് വേണ്ട നീതി അവർ തന്നെ നടപ്പിലാക്കും...

## സർവ്വമേഖലയിലും പുരുഷാധിപത്യം

പാർലമെന്റിൽ നിലവിലെ എത്ര മന്ത്രിമാരുണ്ട്.. അതിൽ എത്രപേർ സ്ത്രീകൾ... ആ മേഖലയിൽ പോലും സ്ത്രീകൾ കുറഞ്ഞുവരുന്ന കാലഘട്ടം ആണിത്..എന്ത് കൊണ്ട്?.. കാരണം ഇത്ര മാത്രം മുകളിലെ മന്ത്രിമാരുടെ പുരുഷഭരണം... ഞങ്ങൾ ആജ്ഞാപിക്കുന്നത് നടപ്പിൽ വരുത്തണമെന്ന സ്ത്രീകളുടെ മേലുള്ള അടിച്ചേൽപ്പിക്കൽ..നീതിക്കുവേണ്ടി ശബ്ദമുയർത്തിയാൽ അവർക്കെതിരെ വരുന്ന ഭീഷണികൾ ഇതൊക്കെയാണ് അവരിലെ പേടി.ഒരു മോശം അനുഭവം എവിടെവെച്ചെങ്കിലും ഉണ്ടായാൽ അതിനുവേണ്ടി സംസാരിക്കാനായി പോലീസ് സ്റ്റേഷനിലും മറ്റു ഉന്നതരുടെ മുന്നിലും പോയാൽ അവിടെവച്ചും പെണ്ണിന് മോശം അനുഭവങ്ങൾ. നീതി നടപ്പിലാക്കേണ്ടവർ പോലും പെണ്ണിനെ മോശം കണ്ണുകളാൽ കാണുന്നു.. ഇങ്ങനെയുള്ള കാലത്ത് പെണ്ണ് ഈ ഭൂമിയിൽ സുരക്ഷിതയോ?..സ്ത്രീധനത്തിന്റെ പേരിൽ എത്രമാത്രം മരണങ്ങളാണ് നടന്നുവരുന്നത്.കുറച്ചു വർഷങ്ങൾക്കു മുമ്പ് നടന്ന ഒരു മരണം അതും സ്ത്രീ തന്നെ. കേരളമണ്ണാകെ വളരെയധികം ചർച്ചയായ ഒന്നായിരുന്നു അത്. സ്ത്രീധനത്തിന്റെ പേരിൽ മൃഗീയമായി കൊല്ലപ്പെട്ട ഒരു സ്ത്രീ.. പ്രതിയോ ഒരു പോലീസ് ഉദ്യോഗസ്ഥൻ. സ്ത്രീധനം വാങ്ങിയാൽ കേസെടുക്കേണ്ട ഒരു പോലീസ് ഉദ്യോഗസ്ഥൻ തന്നെ സ്ത്രീധനം കുറഞ്ഞതിന്റെ പേരിൽ ഒരു പാവം പെണ്ണിനെ കൊന്നിരിക്കുന്നു... അതിന് എന്ത് നടപടി എടുത്തു.. ജയിലിൽ കൊണ്ടുപോയി തീറ്റി പോറ്റി ജനങ്ങൾ ആ വാർത്ത മറന്നെന്ന് തോന്നുമ്പോൾ ഇറക്കി വിടും... അവർ നാളെ ഇത് വീണ്ടും ആവർത്തിക്കും... മറ്റൊരു പെണ്ണ് വീണ്ടും അവൻ കാരണം ഇല്ലാതാവും... അതിന് പകരം അവന് വേണ്ട ശിക്ഷകൾ നൽകിയിരുന്നെങ്കിൽ പിന്നീടവൻ മറ്റൊരു പെണ്ണിനോടും ഇതാവർത്തിക്കില്ല...നിരവധി പെൺജീവനുകൾ ഈ മണ്ണിൽ ബാക്കിയുണ്ടാവുമായിരുന്നു...

## ഹേമകമ്മറ്റി റിപ്പോർട്ട് നമുക്ക് മുന്നിൽ തുറന്നു പറയുന്ന നഗ്നസത്യങ്ങൾ

സിനിമ മേഖല എന്ന് വെച്ചാൽ കുഞ്ഞുങ്ങൾ മുതൽ പ്രായം ചെന്നവർ വരെ നിരന്നു നിൽക്കുന്ന മേഖലയാണ്..സിനിമ മേഖലയിലെ ഇത്രയും കാലങ്ങളായി സിനിമയിലുള്ള സ്ത്രീകൾ വന്ന് തങ്ങൾക്ക് നേരെയുണ്ടായിരുന്ന ചൂഷണങ്ങൾ വിളിച്ചു പറഞ്ഞപ്പോൾ തെളിവുകൾ വേണമത്രെ... നാലുവർഷം മുമ്പ് പുറത്തുവരേണ്ട ഹേമകമ്മറ്റി റിപ്പോർട്ട് കേസ് ഇത്രയുംകാലം മറച്ചുവെച്ച് കുറ്റവാളികൾക്ക് സംരക്ഷണം നൽകിയത് ആര്? അതിനുശേഷം എത്ര സിനിമ നടികൾ ചൂഷണം ചെയ്യപ്പെട്ടു? സിനിമ മേഖലയിൽ തന്നെ മറ്റൊരു കേസ് ആയിരുന്നു മറ്റൊരു സിനിമ നടിക്കെതിരെയുള്ള അതിക്രമം. പൂർണ്ണ തെളിവുകൾ സഹിതം നിരത്തിയിട്ടും തനിക്കെതിരെ ഉണ്ടായ അതിക്രമത്തിന് നേതൃത്വം വഹിച്ച ആ നടനെതിരെ എന്ത് നടപടിയെടുത്തു?..ആക്രമണം നടത്തിവരെ ജയിലിൽ അടച്ചു എന്നാൽ ഇതിന് ചുക്കാൻ പിടിച്ച ആ പ്രമുഖ നടനടക്കം പലരും പുറത്ത് സിനിമ മേഖലയിൽ ഇപ്പോഴും വെട്ടി തിളങ്ങുന്നുണ്ട്. അത് എന്തുകൊണ്ട്? ജയിലിനുള്ളിൽ സിനിമാ നടന്മാർക്ക് അന്തിയുറങ്ങാൻ രാജകീയമായ കട്ടിലുകൾ ഒന്നും ഇല്ലാഞ്ഞിട്ടാണോ, അതോ വിഭവസമൃദ്ധമായ ഭക്ഷണങ്ങൾ ഇല്ലാഞ്ഞിട്ടോ...?

അല്ല..ഭരണസിരാകേന്ദ്രങ്ങളിലുള്ള പുരുഷാധിപത്യം..

## ഇരകൾക്കെതിരെയുള്ള പീഡനങ്ങൾ ആഘോഷിക്കുന്ന മാധ്യമങ്ങൾ

ഏതൊരു പ്രശ്നമുണ്ടായാലും വെറും രണ്ട് ദിവസം എല്ലാ മാധ്യമങ്ങളുടെ മുൻ പേജുകളിലും ആ വാർത്ത നിറഞ്ഞു നിൽക്കും. മൂന്നാം നാൾ പത്രത്തിന്റെ അവസാ

ന പേജിലും ടിവി വാർത്തകളുടെ ഏറ്റവും അടിയിൽ ഒരു ചെറിയ പരസ്യം പോലെയും മാറിയിരിക്കും..നാലാം നാൾ എല്ലാം എല്ലാവരും മറക്കും. പിന്നീട് എല്ലാവർക്കും കൊട്ടിഘോഷിക്കാൻ പുതിയൊരു വാർത്ത ലഭിക്കും. പുരുഷന്മാരുടെ മനസ്സുകളിൽ നിന്ന് സ്ത്രീ വെറും ഉപയോഗവസ്തു ആണെന്ന ചിന്ത മാറുന്നത് വരെ മറ്റുള്ളവർക്ക് ആഘോഷിക്കാൻ വാർത്തകൾ വന്നുകൊണ്ടേ ഇരിക്കും...ചിലർ വാർത്തകളിൽ റേറ്റിങ്ങിനു വേണ്ടി ഇല്ലാത്ത കുറേ കാര്യങ്ങൾ കൂട്ടിച്ചേർക്കപ്പെടും.. അവിടെയും സ്ത്രീയെ കുറ്റക്കാരിയാക്കും.

## സ്ത്രീ..അടുക്കളയിൽ മാത്രം ഒതുങ്ങേണ്ടവൾ

ഒരു സ്ത്രീയെ കല്ല്യാണം കഴിക്കുമ്പോൾ ആദ്യം ചോദിക്കുന്ന ഒരു ചോദ്യമുണ്ട്.കാര്യം

' പാചകം അറിയാമോ ?' എന്നാണാത്. അടുക്കളയിൽ തളച്ചിടാനാണ് അവളെ കെട്ടുന്നതെങ്കിൽ പിന്നെ നല്ലൊരു പാചകക്കാരനെ ജോലിക്ക് വെക്കാമല്ലോ... സ്ത്രീയും സ്വപ്നങ്ങളും ആഗ്രഹങ്ങളുമുള്ള ഒരു ജീവിതന്നെയാണ്... അല്ലാതെ ഒരു അന്യഗ്രഹ ജീവിയല്ല... എന്തിനും ഉപയോഗിക്കാവുന്ന വെറുമൊരു പാവയല്ല... വീടുകളിലെ ജോലികളും, മറ്റ് കാര്യങ്ങളും സ്ത്രീകൾക്ക് മാത്രമേ ചെയ്യാൻ പാടുള്ളൂ എന്ന് ഏതെങ്കിലും നിയമ പുസ്തകത്തിൽ ഉണ്ടോ.... എന്ത് കൊണ്ട് അവരെ നാല് ചുമരുകൾക്കുള്ളിൽ തളച്ചിടുന്നു..

പുരുഷനും സ്ത്രീക്കും ഒരേ മഹത്വം നൽകിയിരുന്ന ഒരു കാലം നമ്മുടെ പൂർവീകർക്കുണ്ടായിരുന്നുഎല്ലാ കാര്യങ്ങളിലും ഒരേ പങ്ക്... ഒരു പുരുഷന് മനസിലാക്കാൻ കഴിയാത്ത പല വികാരങ്ങളും ഒരു സ്ത്രീക്ക് മനസ്സിലാക്കാനുള്ള കഴിവുണ്ട്....ഏത് കാലഘട്ടത്തിൽ ആയാലും ശാരീരികഘടനവെച്ച് പുരുഷൻ സ്ത്രീയെക്കാളും ബലം കൂടിയവനാണ്... ദുർബലരായ സ്ത്രീകളെ സംരക്ഷിക്കേണ്ട ചുമതല പുരുഷന്മാരുടേതായി... അപ്പോൾ മുതലാണ് സ്ത്രീകളെ അടുക്കളയിൽ തലച്ചിടാൻ തുടങ്ങിയത്.. കേരളത്തിൽ മാത്രമല്ല പല ഭാഗങ്ങളിലും പുരുഷൻ അഹങ്കാരത്തിന് വേണ്ടി ചെയ്ത പല തന്ത്രങ്ങൾക്കും സ്ത്രീയെ കരുവാക്കി... വർഷങ്ങൾക്ക് മുൻപ് ചിലരാജ്യങ്ങളിൽ പുരുഷനെ കൊന്നാൽ ശിക്ഷയും സ്ത്രീയെ കൊന്നാൽ ശിക്ഷ ഇല്ല എന്ന നിയമമൊക്കെ ഉണ്ടായിരുന്നു... ഇങ്ങനെ ഉള്ള നിയമങ്ങൾ സ്ത്രീകൾക്കെതിരെ തുന്നിവെച്ചതെന്തിന്?... സത്യം പറഞ്ഞാൽ സ്ത്രീ തന്നെക്കാളും ബലം കുറഞ്ഞവളെന്ന അഹങ്കാരത്തിൽ അല്ല അവരെ പുരുഷന്മാർ അടുക്കളയിൽ തളച്ചിടുന്നത്. പകരം പുരുഷനേക്കാൾ മൂല്യം ഉള്ളവളാണ് സ്ത്രീയെന്നും അതിലൂടെ പുരുഷന്റെ മൂല്യം നഷ്ടപ്പെടുമെന്ന ഭയത്താലുമാണ്... എല്ലാവിഷയത്തിലും ആഴ്ന്നിറങ്ങി ചെന്ന് പലതും കണ്ടുപിടിക്കാനുള്ള കഴിവ് പുരുഷനുണ്ട്. എന്നാൽ തൊട്ടടുത്തിരിക്കുന്ന സ്ത്രീയുടെ ഒരു മാറ്റം തിരിച്ചറിയാൻ പോലും കഴിയുന്നില്ല..

പണ്ട് പെൺകുട്ടിയാണ് ജനിച്ചത് എന്നറിഞ്ഞാൽ ജീവനോടെ കുഴിച്ചുമൂടുന്നൊരു കാലം ഉണ്ടായിരുന്നു.... അതിൽ നിന്നൊക്കെയാണ് ഇന്ന് കാലം പെണ്ണിനെ അടുക്കളവരെ എത്തിച്ചത്...

## സ്ത്രീകൾ ബലിയാടുകൾ ആകുന്ന ചലച്ചിത്ര മേഖല

ഹേമ കമ്മിറ്റി റിപ്പോർട്ട് സമർപ്പിച്ചതിന്റെ ലക്ഷ്യം ചലച്ചിത്ര മേഖലയിൽ ലിംഗസമത്വം മുൻനിർത്തി വിപ്ലവകരമായ മാറ്റത്തിന് വഴിയൊരുക്കുമെന്ന പ്രതീക്ഷയാണ്... എന്നാൽ ഇത് നടക്കുമോ?... അതിന് തലപ്പത്തെ പുരുഷമേധാവികൾ സമ്മതിക്കുമോ?... സിനിമകളിൽ അവസരങ്ങൾ ലഭിക്കാൻ തന്റെ ശരീരം കാഴ്ച്ചയ്ക്ക് വെക്കേണ്ട സാഹചര്യം... ചിത്രീകരണ സമയത്ത് സ്ത്രീകൾക്ക് ശുചിമുറിയും മറ്റും ഇല്ലാത്ത ഇല്ലാത്ത അവസ്ഥ.. ഇതൊക്കെയാണ് ഹേമ കമ്മീഷൻ കണ്ടെത്തിയിരുന്നത്... സർക്കാരിനെ ഏൽപ്പിച്ച റിപ്പോർട്ടുകൾക്ക് നീതി നടപ്പിലാക്കേണ്ടത് സർക്കാരാണെന്ന് ജസ്റ്റിസ് ഹേമ പറഞ്ഞു... മൂന്ന് വർഷമായി പുറത്ത് വിടാത്ത ഫയലിൽ വിശ്രമത്തിലാണ് ചലച്ചിത്ര മേഖലയിലെ നടിമാർക്കെതിരെയുള്ള ചൂഷണങ്ങൾ....

സിനിമ മേഖല എന്നാൽ സംസ്ഥാന സർക്കാരിന് ഏറ്റവും കൂടുതൽ നികുതി ലഭിക്കുന്ന മേഖലയാണ്... അതുകൊണ്ടുതന്നെ അവരുടെ പ്രശ്നങ്ങൾക്ക് ഒരു പരിഹാരം കാണേണ്ടത് സംസ്ഥാന സർക്കാരിന്റെ ഉത്തരവാദിത്തമാണ്. ഇന്ന് ഇതൊക്കെ സിനിമയിലെ മുതിർന്ന സ്ത്രീകൾ വന്ന് ലോ

കത്തോട് വിളിച്ചു പറഞ്ഞു.എന്നാൽ നാളെ ഇത് പുതുമുഖങ്ങൾ ആയ കുഞ്ഞുങ്ങളോട് ചെയ്യില്ലെന്ന് എന്തുറപ്പ്.. അവസരങ്ങൾ ചോദിച്ചു പോകുന്ന സ്ത്രീകളോട് ശരീരം പണമായി വാങ്ങുന്നത് സിനിമയിൽ സാധാരണയായി മാറിയിരിക്കുന്നു. സിനിമ മേഖലയിൽ നിന്ന് പുറത്താക്കുമെന്ന് ഭയവും, കൂടെപ്പിറപ്പുകളെ ഇല്ലാതാക്കുമെന്ന ഭീഷണിയും സ്ത്രീകളെ കേസിൽ നിന്ന് പിന്തിരിപ്പിച്ചു കൊണ്ടിരിക്കുന്നു.. ആരോടെങ്കിലും തുറന്നുപറഞ്ഞാൽ, അല്ലെങ്കിൽ ഇഷ്ടങ്ങൾക്ക് തടസ്സം നിന്നാൽ സിനിമ മേഖലയിൽ തന്നെ അവർക്ക് വിലക്കേർപ്പെടുത്തും... 2019 ൽ മുഖ്യമന്ത്രിക്ക് റിപ്പോർട്ട് സമർപ്പിച്ചെങ്കിലും അത് പുറത്തുവിട്ടില്ല.. എന്തുകൊണ്ട്?ഇപ്പോൾ വീണ്ടും അത് പുറത്തുവന്നിരിക്കുന്നു. ഇന്നെങ്കിലും നീതി ലഭിക്കുമോ?..

## മാറ്റം വരേണ്ടത് സമൂഹത്തിന്റെ കാഴ്ചപ്പാടിലാണ്*

പകലന്തിയോളം വിശ്രമം ഇല്ലാതെ പണിയെടുത്ത സ്ത്രീ പുരുഷനിൽ നിന്ന് കേൾക്കേണ്ടിവരുന്ന വാക്ക് 'നിനക്കിവിടെ എന്താടി മലമറിക്കുന്ന ജോലി. ഇവിടെ എന്താടി നിനക്ക് കുറവ്. ഭക്ഷണമില്ലേ, വസ്ത്രം ഇല്ലേ..'അത് മാത്രം മതിയോ ഒരു പെണ്ണിന്..സ്നേഹം അയലത്തെ കടയിൽ നിന്ന് വാങ്ങാൻ  കിട്ടുമോ.. പണ്ട് സതിക്ക് ഇരയായവൾ പെണ്ണ്. അന്നും അവളൊരക്ഷരം മിണ്ടിയില്ല... ഇന്നും പലസ്ത്രീകളും ഊമകളാണ്... പുരുഷന് മുന്നിൽ മാത്രം. സ്ത്രീ ഒരിക്കൽ പോലും അവളുടെ ഇഷ്ടങ്ങൾക്ക് വില നൽകിയില്ല. എന്നും മറ്റുള്ളവർക്ക് വേണ്ടി ജീവിച്ചു... അവസാനം മണ്ണോടു ചേരുന്ന നേരവും ഈ പുരുഷന്മാർ ചോദിക്കും ' നീ നിന്റെ ഇഷ്ടങ്ങൾക്കല്ലാതെ മറ്റാരുടെ എങ്കിലും ഇഷ്ടങ്ങൾക്ക് വില നൽകിയോ'..അന്നും കുറ്റം പെടുത്തലുകൾ മാത്രം അവൾക്ക് ബാക്കി....

സ്ത്രീ കത്തിജ്വലിക്കട്ടെ, പാറിപ്പറക്കട്ടെ, സ്ത്രീ ദേവതയാണ് എന്നൊക്കെ മാർച്ച് 8 ന് സ്റ്റാറ്റസും ഇട്ട് തിരിഞ്ഞ് നിന്ന് ചായയിൽ പഞ്ചസാര കുറഞ്ഞതിന് സ്ത്രീയെ അടിച്ച് പരിപ്പിളക്കുന്നവരാണ് ഞങ്ങളുടെ ചുറ്റിലുമുള്ള  ചില പുരുഷന്മാർ...

സമൂഹം മാറേണ്ടതുണ്ട്.. നിയമങ്ങളും..

സ്ത്രീയും പുരുഷനും രണ്ടുപേരും  ചേരാതെ ഒരിക്കലും കുടുംബമോ, സമൂഹമോ,ലോകമോ പൂർണമാവില്ല.... കേരളത്തിൽ നിലവിലെ കണക്കുപ്രകാരം 1000 ആണിന് 1080 സ്ത്രീകൾ ഉണ്ടെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്... എല്ലാ വികസിത രാജ്യങ്ങളിലും ആണിനേക്കാൾ പെണ്ണിന്റെ എണ്ണം കൂടുതലായിരിക്കും. ഉദാഹരണത്തിന് അമേരിക്ക,യൂറോപ്പ് തുടങ്ങിയ രാജ്യങ്ങളിലും ഇങ്ങനെ തന്നെയാണ്. പക്ഷേ ഇന്ത്യയുടെ കണക്കിൽ അത് നേരെ തിരിച്ചാണ്.. പെണ്ണിന്റെ എണ്ണത്തെക്കാളും ആണിന്റെ എണ്ണമാണ് കൂടുതൽ. കാരണം പെണ്ണാണ് ജനിക്കാൻ പോകുന്നത് എന്ന് അറിയുമ്പോൾ തന്നെ അമ്മയുടെ ഗർഭപാത്രത്തിൽ വെച്ച് തന്നെ അവളെ ഇല്ലാതാക്കുന്നു. ആദ്യത്തെ കുഞ്ഞ് ആണാണെങ്കിൽ പ്രസവം നിർത്തുന്നു... പെണ്ണിന് ഈ ലോകം കാണേണ്ട അവകാശം പോലും നിഷേധിക്കുകയാണ് ചിലർ.. തങ്ങൾക്ക് ജനിക്കുന്ന കുഞ്ഞുങ്ങൾ പെണ്ണാവുന്നതിന്റെ പേരിൽ ഭാര്യമാരെ പരിഹസിച്ചും, തല്ലിച്ചതച്ചും അഹങ്കരിച്ചു നടക്കുന്ന ഭർത്താക്കന്മാർ ഒന്ന് ചിലതിനെ പറ്റിയൊക്കെ ഗവേഷണം നടത്തി നോക്കണം.. തന്നിലെ പ്രശ്നം കൊണ്ടാണ് തനിക്ക് പെൺകുഞ്ഞുങ്ങൾ ജനിക്കുന്നത് അല്ലാതെ അവളിലെ പ്രശ്നം കൊണ്ടല്ല...'പെണ്ണാണ് നീ' എന്ന വാക്കിൽ നിന്ന് 'പെണ്ണായാൽ എന്ത് 'എന്ന വാക്കിലേക്ക് എത്താൻ ഈ സമൂഹം ഇനിയും ഏറെ മാറേണ്ടതുണ്ട്.. ഓരോ പെണ്ണും ഒരു  സമയം കഴിഞ്ഞാൽ ജനിച്ചു വളർന്ന വീട്ടിൽ വിരുന്നുകാരിയായി മാത്രം കയറി വരാൻ മാത്രം  വിധിക്കപ്പെട്ടവളാണ്..പെൺകുട്ടികളായാൽ അടക്കവും, ഒതുക്കവും വേണമെന്ന് പറയുന്ന സമൂഹം എന്തുകൊണ്ട് പെണ്ണായാൽ ഉശിരും, കഴിവും വേണമെന്ന് അവർക്ക് പറഞ്ഞു കൊടുക്കുന്നില്ല.... ഒരു പെണ്ണിന്റെ സന്തോഷങ്ങളിൽ ചവിട്ടി നിന്നല്ല ഒരു പുരുഷൻ അവന്റെ നട്ടെല്ലിന്റെ ബലം തെളിയിക്കേണ്ടത്. പകരം അവളെ കരുതലോടെ ചേർത്ത് പിടിച്ചു കൊണ്ടാണ്




**കുട്ടികളുടെ മഷിപ്പച്ച പംക്തിയിലേക്ക് എഴുത്തുവഴിയിലെ**

# പുതുനാമ്പുകൾക്ക് സ്വാഗതം

**സ്നേ**ഹത്തിന്റെ മഞ്ഞുതുള്ളിയായി ഈ വാക്കുകൾ, നിങ്ങളിൽ നിറയ്ക്കുക, എന്ന സദുദ്ദേശ്യത്തോടെ മഷിപ്പച്ച മാസികയിലെ ബാലപംക്തിയുടെ ദളങ്ങൾ നിങ്ങളുടെ മുന്നിൽ വിടർത്തുന്നു. ഇതിലെ ഓരോ വരികളും ഓരോ ചിത്രവും മുന്നോട്ടുള്ള, നിങ്ങളുടെ ജീവിതത്തിന് കരുതലും പ്രചോദനവുമാകട്ടെ...

കനിവിന്റെ ബാലപാഠങ്ങൾ, നന്മയുടെ വിളനിലങ്ങൾ, എന്നിവ അക്ഷരങ്ങളിലൂടെ ചേർത്തുവച്ച് മുന്നോട്ടു നയിക്കാൻ കുട്ടികളുടെ മഷിപ്പച്ച എന്ന ഈ പംക്തിക്ക് കഴിയുമെന്ന് പ്രതീക്ഷയുണ്ട്.

'സ്നേഹമാണഖിലസാരമൂഴിയിൽ' എന്ന കവി വാക്യത്തിൽ നിന്ന് തന്നെ നമുക്ക് ആരംഭിക്കാം. മുന്നിൽ കാണുന്ന എല്ലാ സഹജീവികളെയും സ്നേഹത്തോടെയും കരുണയോടെയും ഇഷ്ടത്തോടെയും ചേർത്തുവച്ച്, മുന്നോട്ടുപോകാൻ എന്റെ കുരുന്നുകൾക്ക് ആകട്ടെ, നന്മയുടെ പൂവാടിയിൽ നിങ്ങൾ വിതറുന്ന ഓരോ ചെറിയ വിത്തുകളും മരമായും പൂവായും കായായും ഭൂമിക്ക് തണലേകട്ടെ... മാനവരാശിക്ക് അനശ്വര മാതൃകയാവട്ടെ...

കുട്ടികളുടെ മഷിപ്പച്ച വായിക്കുന്ന നിങ്ങളിൽ, തിരിച്ചറിവിന്റെ നനുത്ത പൂക്കൾ വിടരട്ടെ...

ഇനി മുന്നോട്ടുള്ള ജീവിതത്തിൽ ഈ അക്ഷരക്കൂട്ടുകൾ നിങ്ങൾക്ക് തുണയാവട്ടെ.. വളർന്നു വലുതാവുമ്പോൾ വന്ന വഴികൾ മറക്കാതിരിക്കുക... മറ്റുള്ളവർക്ക് മാർഗദീപങ്ങൾ ആവുക... ഭൂമിയിലെ വിലയേറിയ മുത്തുകളാവുക... നമുക്കൊരുമിച്ച് മുന്നേറാം.

*** *** ***

**മ**ഷിപ്പച്ച മാസികയിൽ, 15 വയസിനു താഴെയുള്ളവരുടെ രചനകളാണ് ഉൾപ്പെടുത്തുക. 94462 30972 എന്ന നമ്പറിൽ രചനകൾ വാട്സപ്പ് അയക്കാം. mashippachamasika@gmail.com എന്ന ഐഡിയിലേക്ക് ഇമെയിൽ ആയും രചനകൾ അയക്കാം.

കവിത /കഥ / യാത്രാവിവരണങ്ങൾ / ചിത്രങ്ങൾ / അനുഭവക്കുറിപ്പുകൾ / എന്നിവ ചെറിയ രചനകൾ ആയി പഠിക്കുന്ന ക്ലാസ് / സ്കൂൾ / ഫോൺനമ്പർ സഹിതം അയക്കുക

**അശോകേട്ടൻ**
എഡിറ്റർ,
കുട്ടികളുടെ മഷിപ്പച്ച

കഥ.

# അചഞ്ചലമായ ആത്മാവ്

രാത്രിയുടെ മറവിൽ, പുറത്ത് കൊടുങ്കാറ്റ് ആഞ്ഞടിച്ചപ്പോൾ, ജാക്ക് എന്ന് പേരുള്ള ഒരു ആൺകുട്ടി ജനിച്ചു. ഒടുവിൽ ഒരു കുഞ്ഞുണ്ടായതിന്റെ സന്തോഷത്തിൽ അവന്റെ മാതാപിതാക്കളായ ജോർജും സാറയും അവനെ സ്നേഹം ചൊരിഞ്ഞു. ജാക്ക് അസാധാരണമാംവിധം ശോഭയുള്ള കുട്ടിയായിരുന്നു, എല്ലായ്പ്പോഴും ഒരു പുസ്തകത്തിൽ മൂക്ക് കുഴിച്ചിട്ടിരുന്നു. ഒരു ഐപിഎസ് ഓഫീസറാകുക എന്നതായിരുന്നു അവന്റെ സ്വപ്നം, പലപ്പോഴും അന്ധകാരത്തിൽ മൂടിക്കിടക്കുന്ന ലോകത്ത് നീതിയുടെ വെളിച്ചമാവാൻ.

എന്നിരുന്നാലും, അവരുടെ കുടുംബം ദാരിദ്ര്യത്തിൽ അകപ്പെട്ടു, ഗുണനിലവാരമുള്ള വിദ്യാഭ്യാസം നൽകുന്നത് അസാധ്യമായ ഒരു സ്വപ്നമായി തോന്നി. സാമ്പത്തിക പരാധീനതകൾക്കിടയിലും ജോർജ്ജ് തന്റെ മകന് വേണ്ടി അക്ഷീണം പ്രയത്നിച്ചു. ഒടുവിൽ സ്ഥിരതയുള്ള ജോലി ലഭിച്ചപ്പോൾ, അവൻ ജാക്കിനെ ഒരു നല്ല സ്കൂളിൽ ചേർത്തു.

ജാക്ക് പഠനത്തിൽ മിടുക്കനായിരുന്നു. മറ്റ് കുട്ടികളേക്കാൾ പുസ്തകങ്ങളുടെ കൂടെയുള്ള കൂട്ടുകെട്ടിലായിരുന്നു അവന്റെ താൽപ്പര്യം. ഒരു ഐപിഎസ് ഓഫീസർ ആവുക എന്ന ലക്ഷ്യം നേടുന്നതിലായിരുന്നു അവന്റെ അചഞ്ചലമായ ശ്രദ്ധ. പക്ഷേ, വിധിക്ക് ക്രൂരമായ ഒരു ട്വിസ്റ്റ് ഉണ്ടായിരുന്നു. സിവിൽ സർവീസ് പരീക്ഷയുടെ തലേദിവസം, ദാരുണമായ ഒരു അപകടം അദ്ദേഹത്തെ അരക്കെട്ട് തളർത്തി.

ജാക്കിനും കുടുംബത്തിനും ഈ വാർത്ത വിനാശകരമായിരുന്നു. ഡോക്ടർമാർ അശുഭാപ്തിവിശ്വാസികളായിരുന്നു, ഭാവി ഇരുളടഞ്ഞതായി തോന്നി. എന്നാൽ ജാക്ക് വിട്ടുകൊടുക്കാൻ തയ്യാറായില്ല. സുഖം പ്രാപിക്കുന്ന സമയത്ത് താൻ കണ്ട ഒരു സ്വപ്നം അവൻ ഓർത്തു, അതിൽ ഒരു നിഗൂഢ ശബ്ദം അവനോട് പറഞ്ഞു, 'നിങ്ങൾ കൂടുതൽ കാര്യങ്ങൾക്കായി വിധിക്കപ്പെട്ടവരാണ്.' ഈ സ്വപ്നത്തിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ട്, ജാക്ക് കർശനമായ ഫിസിയോതെറാപ്പി സെഷനുകൾ ആരംഭിച്ചു.

ദിവസങ്ങൾ ആഴ്ചകളായി, ആഴ്ചകൾ മാസങ്ങളായി. സാവധാനം അയാൾ തന്റെ കാലുകളുടെ നിയന്ത്രണം വീണ്ടെടുക്കാൻ തുടങ്ങി. അവന്റെ പുരോഗതിയിൽ ഡോക്ടർമാർ അത്ഭുതപ്പെട്ടു. തന്റെ സിവിൽ സർവീസ് പരീക്ഷയുടെ ഫലം പ്രഖ്യാപിച്ചപ്പോൾ, ജാക്ക് പട്ടികയിൽ ഒന്നാമതെത്തിയിരുന്നു. അവന്റെ നിശ്ചയദാർഢ്യവും സഹിഷ്ണുതയും ഫലം കണ്ടു.

എല്ലാ പ്രതിബന്ധങ്ങൾക്കും എതിരെ, ജാക്ക് തന്റെ ശാരീരിക വൈകല്യത്തെ മറികടക്കുക മാത്രമല്ല, തന്റെ ആജീവനാന്ത സ്വപ്നം സാക്ഷാത്കരിക്കുകയും ചെയ്തു. അചഞ്ചലമായ നിശ്ചയദാർഢ്യവും തന്നിലുള്ള വിശ്വാസവും കൊണ്ട് ഏറ്റവും വെല്ലുവിളി നിറഞ്ഞ പ്രതിബന്ധങ്ങളെപ്പോലും മറികടക്കാൻ കഴിയുമെന്ന് ജാക്ക് തെളിയിച്ചു.

MUHAMMED RAZAN
MADIN SCHOOL OF EXCELLENCE
CLASS : 8
SCHOOL : GBHSS MALAPPURAM

കഥ

## തേക്ക് മരത്തിന്റെ സങ്കട കഥ

ആദ്യ കാലത്ത് ഞാൻ വെറും ഒരു വിത്ത് മാത്രമായിരുന്നു. കുറെ കാലം കാട്ടിൽ പുഴയോരത്ത് കഴിഞ്ഞു. ഒരു ദിവസം ശക്തമായ മഴ പെയ്തു. അപ്പോൾ ഒരുപാട് വെള്ളം വലിച്ചു കുടിച്ചു. മൂന്നു നാലു ദിവസങ്ങൾ കഴിഞ്ഞപ്പോൾ എനിക്ക് മുള പൊട്ടാൻ തുടങ്ങി. അങ്ങനെ ഞാൻ ഒരു തയ്യായി മാറി. ഒടുവിൽ ഞാൻ വളർന്നു വലുതായി. കുറെ കാലം കാട്ടിൽ തന്നെ സുഖമായി കഴിഞ്ഞു. എന്നിൽ ധാരാളം കൊമ്പുകളും ചില്ലകളും ഉണ്ടായി. ഞാൻ വലിയ മരമായി. കൂറേ പക്ഷികൾ എന്നിൽ കൂടു കൂട്ടി താമസിച്ചു. ഞാൻ അപ്പോഴും സന്തുഷ്ടരായിരുന്നു.

അങ്ങനെയിരിക്കെ ഒരു ദിവസം കുറച്ച് ആളുകൾ മഴുവുമായി വരുന്നത് ഞാൻ കണ്ടു. ആളുകൾ അടുക്കും തോറും ഞാൻ പേടിച്ചു വിറച്ചു തുടങ്ങി. അവർ എന്റെ കൊമ്പുകളും ചില്ലകളും മുറിക്കാൻ തുടങ്ങി. പക്ഷികളെല്ലാം കരയാൻ തുടങ്ങി. ചില പക്ഷികൾ പറന്നു കൂട്ടത്തോടെ രക്ഷപ്പെട്ടു. പാവം ഒരു കുരുവി കുഞ്ഞ് താഴെ വീണ് ചത്തു പോയി. അതിന്റെ അമ്മ കുരുവിയുടെ അടുക്കൽ നിന്ന് കരയുന്നുണ്ടായിരുന്നു. അപ്പോയെല്ലാം ഞാൻ അന്തരീക്ഷത്തിൽ ആടിയുലയുകയായിരുന്നു

അവരെല്ലാം എന്നെ മുറിച്ച് കഷ്ണങ്ങളാക്കി ലോറിയിൽ കയറ്റി മില്ലിലേക്ക് കൊണ്ട് പോയി. അവിടുത്തെ ജോലിക്കാർ വെട്ടി കഷ്ണങ്ങളാക്കി. ഞാനിപ്പോൾ മരക്കഷ്ണങ്ങളായിട്ട് കസേരയും മേശയും കട്ടിലുമൊക്കെയായിട്ട് നിങ്ങളുടെ വീട്ടിലാണിപ്പോൾ. മനുഷ്യരുടെ ഇത്തരം ക്രൂരത കാരണമാണ് കാടുകളും വനങ്ങളും നശിക്കുന്നത്. നാടിന്റെ സമ്പത്ത് നിങ്ങളുടെ ജീവനാണ്.
മരങ്ങൾ വെട്ടി നശിപ്പിക്കാതിരിക്കൂ ... കാടിനെ സംരക്ഷിക്കൂ ... പ്രകൃതിയെ രക്ഷിക്കൂ..

Muhammed Sahad Chelempra
Madin school of excellence
Class : 10
School : GBHSS Malappuram

കവിത

## സമാശ്വാസം ഇനിയെന്ന് ?

ഒരു പിടി പ്രതീക്ഷയുമായി പടിയിറങ്ങിയ
മനസ്സുകൾക്ക് പ്രതീക്ഷകൾ
അന്യമാകുന്നുവോ.....
അടിപതറുന്ന മനസ്സിന്റെ ഹൃദയ-
മിടിപ്പും ഇനി വർധിതമോ....
ഭാവിയെന്ന തുറന്നുനോക്കിയിട്ടില്ലാത്ത
നിധിപ്പെട്ടിയെ
തിരികെയെടുക്കാൻ
കൈയെത്തുന്നിടംവിട്ടകലെയോ....
യുദ്ധമൊഴിഞ്ഞ മണ്ണിൽ സൗഹാർദം
തെരുവു പെറ്റുനിറച്ച പ്രതീക്ഷകൾ
കട്ടെടുത്തോടിയ പീഡനക്കഥകൾ
കാലദൈർഘ്യമോ....
പ്രത്യാശയമർപ്പിച്ചിറങ്ങിയവരുടെ
വാടിത്തുറക്കുന്ന
കൺപോളയുടെ നീണ്ട വേരുകൾക്ക്
നനവൊഴിഞ്ഞ സമയം ഇനിയുണ്ടോ....
അസ്തമിക്കും സൂര്യന്റെ ചൊമന്ന മാറ്
പോലെ
പ്രതീക്ഷയുള്ള മനസ്സിന്റെ മുഖം
ചുവക്കുന്നുവോ..
ചുവന്ന പുകന്നൊടുവിൽ തീക്കട്ടയായ്
കരിഞ്ഞൊടുങ്ങുമോ....

Muhammed Thwayyib KT
Melmuri
Ma'din School of Excellence
Age : 14
School : GBHSS Malppuram

# മുഖംമൂടിയണിഞ്ഞവർ

ഹേമാംബരത്തിലെ
സൗവർണ്ണ താരങ്ങൾ
വിതുമ്പുകയായിരുന്നോ,
മൂകവിഷാദങ്ങളുള്ളിലൊതുക്കി,
തപിക്കുകയായിരുന്നോ!
കലയുടെ സോപാനപ്പടികളേറീടുവാൻ
സകലതുമർപ്പിച്ചിടേണമോ,യിവിടെ
സകലവനെയും പൂജിച്ചിടേണമോ!

കാലങ്ങൾ പലതായി മഹിളകളീവിധ–
മവഹേളനങ്ങൾ സഹിപ്പൂ;
കൺകണ്ട വിഗ്രഹങ്ങൾ
പലതുമിന്നിവിടെ
കൺമുന്നിലുടഞ്ഞു വീഴുന്നൂ;
കാരാഗൃഹംപോലെ കാനനംപോലെ
നെറികെട്ടുപോയ് കലാലോകമെന്നോ!
കണ്ണുനീരോയിവിടെ
കായ്ക്കുന്നു പണമായി,
മറ്റൊരു കുരുക്ഷേത്രമിതെന്നു വന്നോ!

ഗുരുക്കളും
തലമൂത്ത കാരണവന്മാർപോലും
കണ്ണടച്ചിരുട്ടാക്കിയെന്നോ;
പഞ്ചാലിയിന്നും കേഴുന്നുവോ,
ദുശ്ശാസനന്മാർ വസ്ത്രാക്ഷേപം
നടത്തുന്നോ,
താരങ്ങളായാലും ദാരങ്ങളായാലും
പെണ്ണിന്നു നീതി വേണ്ടെന്നോ, രാജ–
സിംഹാസനങ്ങൾ
താരരാജാക്കന്മാർക്കു
ചാമരം വീശുന്നുവെന്നോ!

കാലമിന്നേറെ മുന്നോട്ടു പോയി,
പെൺകരുത്തിൻ കാലമെത്തീ, കളി മാറി;
കലയുടെ കോവിലിൽ
സ്വസ്ഥമായ് വിഹരിക്കാ–
നവൾ രുദ്രയായിന്നു മാറി.
പലരുടെയും മുഖംമൂടികൾ മുനയുള്ള
നഖങ്ങളാൽ ചീന്തിയെറിഞ്ഞൂ,
സംഹാരതാണ്ഡവമാടുന്നു കാളിപോൽ
സംഹരിച്ചീടുമോ കുത്സിത വർക്ഷത്തെ!

മുഖംമൂടികൾ വാഴുന്ന താരാകാശമി–
ന്നാട്ടിൻതോലണിയും മൃഗാദനൻമാരാൽ*
ഇരുൾ മൂടും കാനനംപോലെയായെന്നോ,
ഇളമാനുകൾക്കിവിടെ നിർഭയം
മേയുവാൻ
ഇനിയെങ്കിലും വഴി തെളിഞ്ഞീടുമോ,
ചങ്കുറപ്പുള്ളതാം സിംഹികൾ സംഘടി–
ച്ചിവിടെയൊരു നവലോകം
തീർത്തീടുമോ,
അതോ ഇക്കാട്ടുതീയിൽ
കാനനംതന്നെയെരിഞ്ഞുപോയീടുമോ?

ചെന്നായ്ക്കൾ

**സതി 'സത്യകൃതി'**



Fathima Rana C.P
Class: 7 D
GHSS AREEKODE



**ആരാധ്യ വർമ്മ സി.കെ**
5 B ANMMUPS തളി



Joshwin N.J.
1 C, St. Marys CBPS School kottekkadu



**ദ്വിവിക് വർമ്മ സി.കെ**
1 A ANMMUPS തളി



Raja fathima. PK
Class: 3. A
GMUP School Mundambra







**Siyon s pradeep**
V std
Chendayad
UP school

# തേവിടിശ്ശിക്കാറ്റ് എന്നെ തൊട്ടപ്പോൾ



**രംന വികാസ്**

**തേ**വിടിശ്ശിക്കാറ്റ് എന്ന പേരിലുള്ള ജിജ്ഞാസ കൊണ്ടാവാം ആമുഖം വായിക്കാതെ ആ കാറ്റിനൊപ്പം ഓടാൻ ശ്രമിച്ചത്. പക്ഷേ, കഥകളെക്കുറിച്ച് എഴുതിയ സുധാകരൻ, ദർശന, നിഖിലേഷ് എന്നിവരെ വായിക്കാതെ പോകുന്നതെങ്ങനെ? അപ്പോൾ ആമുഖം വായിച്ചിട്ട് പോകാമെന്നു തീരുമാനിച്ചു.

പ്രതാപ് സിങ്ങിന്റെ ആമുഖം, എഴുത്തുകാരന്റെ എഴുത്തിനെ അറിഞ്ഞെഴുതിയിരിക്കുന്നു. അജയ് നാരായണൻ എന്ന എഴുത്തുകാരൻ എഴുത്തുകൊണ്ട് മാജിക്ക് സൃഷ്ടിച്ചിരിക്കുന്നുവെന്ന് അദ്ദേഹം ആമുഖത്തിൽ പറയുന്നു. കഥ അവസാനിച്ചിട്ടും വയനക്കാരന്റെ മനസ്സിൽ കഥ തുടരുന്നുവെന്ന മാജിക്ക്. എഴുത്തുകാരനെയും എഴുത്തുശൈലിയേയും കഥയേയും എല്ലാം നല്ലപോലെ കാച്ചികുറുക്കി എഴുതിയിട്ടുണ്ട്.




കഥാതന്തുക്കളെ വായനാസുഖം നഷ്ടപ്പെടുത്താതെതന്നെ വികസിപ്പിച്ച് എഴുതുന്ന എഴുത്തുകാരനാണ് എന്ന് ദർശന.കഥയെക്കുറിച്ച് ഒരു നേർരേഖ വരച്ചിടുന്നു. തേവിടിശ്ശിക്കാറ്റിലെ ആണുങ്ങൾ എന്ന തലക്കെട്ടോടെ നിഖിലേഷ് തുടങ്ങി വെയ്ക്കുന്നു, ഈ ‘തേവിടിശ്ശിക്കാററിൽ ‘ പുരുഷ കേന്ദ്രീകൃത വ്യവസ്ഥയിൽ അഭിസാരികയാകേണ്ടി വന്ന പെണ്ണിന്റെ കാറ്റാണ്. ആ കാറ്റ് തൊട്ട ആണുങ്ങളെ സാക്ഷ്യപ്പെടുത്തുന്നു നിഖിലേഷ്.

ഇനി, നേരെ ശാലിനി എന്ന രജനിയിലേക്ക്. ഈ ശാലിനിയെ അല്ലേൽ രജനിയെ പരിചിതമാണല്ലോ, എവിടങ്ങളിലോ എന്റെ ചുറ്റുപാടുകളിൽ എന്ന് തോന്നി പോയി . പെണ്ണിന്റെ ശരീരം മാത്രം മോഹിച്ച് പ്രണയം പറഞ്ഞ് പുറകെ ചിലന്തിവലയുമായി നടക്കുന്നവരും ഇയ്യാംപാറ്റയാകുന്ന കാമുകിമാരും ഇന്ന് സമൂഹത്തിൽ ഏറെ. അതിൽ നിന്ന് എന്തുകൊണ്ടും വ്യത്യസ്തയാണ് ശാലിനിയെന്നത്, രണ്ടാം പിറപ്പായി അവളുടെ പേരുമാറ്റം സൂചിപ്പിക്കുന്നു.

രജനിയുടെ ഉദയം മുതൽ കഥയിൽ രതിയുണ്ടെങ്കിലും ആ വിഷയത്തെ അത്രമേൽ കൈയടക്കത്തോടെ എഴുത്തുകാരൻ കൊണ്ടുപോയി, വായനക്കാരനെ മടുപ്പിക്കാതെ. വിലാസിനി എന്ന കഥാപാത്രത്തെ പറയാതെ പോകാൻ വയ്യ. സ്ത്രീ അനുഭവത്തിന്റെ തീച്ചൂളയിൽ ഉരുകിയവൾ. ആഫ്രിക്കൻ വീഞ്ഞിന്റെ അസ്വാദ്യകരമായ രുചി എന്റെ നാവിലെ രസമുകുളങ്ങളെയും ത്രസിപ്പിച്ച് കടന്നു പോയി. അവസാനം ശാലിനി സുന്ദർ ആയി രജനി വീണ്ടും മാറുമ്പോഴും വിലാസിനിയേയും മകളേയും കൂടെ ചേർത്ത് പിടിക്കുന്നു.

ശാലിനിയുടെ അച്ഛൻ അമ്മ, കൂട്ടുകാരി ജാനകി, അപ്പു, സൗദാമിനിടീച്ചർ, പ്രിയങ്ക, സൂരജ്, ശ്യാം സുന്ദർ, നിസാർ അഹമ്മദ്, ദാദാജി എല്ലാവരെയും ഇഷ്ടമായി .

മൊത്തം കഥയും ഞാൻ പറഞ്ഞാൽ ശരിയാവില്ലല്ലോ നിങ്ങളും തേവിടിശ്ശിക്കാറ്റിനെ മെല്ലെയൊന്ന് തൊട്ടുനോക്കൂ. വായനയുടെ ചുഴലി സമ്മാനിക്കും, തീർച്ച. ഒറ്റയിരുപ്പിന് ഞാൻ ഈ ചുഴലി അനുഭവിച്ചു നിങ്ങളോ.....?

വായനകഴിഞ്ഞപ്പോൾ ഹൃദപൂർവ്വം എന്നെഴുതിയ തലക്കെട്ട് വായിച്ചു എനിക്ക് ഏറെ സന്തോഷമായി. കാരണം ഒരു നോവൽ പ്രസിദ്ധീകരിക്കാൻ എഴുത്തുകാരന്റെ കൂടെ ആരൊക്കെ ചേർന്നു നിന്നോ, അവരെയൊക്കെ തന്നെ പുസ്തകത്തിന്റെ അവസാന ഭാഗത്തിലും എഴുത്തുകാരന്റെ ഹൃദയത്തിലേക്കും എടുത്തുവെച്ചിരിക്കുന്നു.